# നവകേരളം
# കർമ്മപദ്ധതി

## ജനപങ്കാളിത്തത്തോടെ
## തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ




വികസനമിഷനുകളുടെ മാർഗ്ഗരേഖ സംബന്ധിച്ച

## സർക്കാർ ഉത്തരവ്

ഏപ്രിൽ
2017

# വികസനമിഷനുകൾ
## ഒറ്റനോട്ടത്തിൽ

### സമ്പൂർണ്ണപാർപ്പിടം - ലൈഫ് മിഷൻ



സാമൂഹിക വികസന മാനദണ്ഡങ്ങളിലെല്ലാം വികസിത രാജ്യങ്ങൾക്കു തുല്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അഞ്ചുലക്ഷത്തോളം കുടുംബങ്ങൾ ഭവനരഹിതരായി ഇന്നും തുടരുന്നു എന്നത് കേരളം അഭിമുഖീകരിക്കുന്ന സുപ്രധാന വെല്ലുവിളിയാണ്. വിവിധ ഭവന പദ്ധതികളുടെ ഭാഗമായി പണിതു തുടങ്ങിയിട്ട് പൂർത്തീകരിക്കാതെ കിടക്കുന്ന വീടുകളും ഇപ്പോഴും നിലവിലുണ്ട്. വീടില്ലാത്തവർ പകുതിയോളം ഭൂമിയില്ലാത്തവർ കൂടിയാണെന്നതിൽ പ്രശ്നപരിഹാരം ഏറെ ശ്രമകരവുമാണ്. അതുകൊണ്ടുതന്നെ പതിവുരീതികളിൽ നിന്ന് വ്യത്യസ്തമായ സമഗ്ര സമീപനത്തോടെ നടപ്പാക്കുന്ന സമ്പൂർണ്ണ ഭവനപദ്ധതിയായാണ് ലൈഫ് മിഷൻ ചിട്ടപ്പെടുത്തിയിരിക്കുന്നത്. സ്വന്തമായി ഭൂമിയുള്ളവർക്ക് വീടു പൂർത്തിയാക്കുന്നതിനുതകുന്ന തരത്തിലുള്ള ധനസഹായം ഉറപ്പാക്കുകയും നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കുകയും അതോടൊപ്പം ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അടിസ്ഥാനമാക്കിയുള്ള സമഗ്ര പുനരധിവാസ പദ്ധതിയും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലൈഫ് മിഷൻ ലക്ഷ്യമിടുന്നു.

### ജനസൗഹൃദ സർക്കാർ ആശുപത്രികൾ - ആർദ്രം മിഷൻ



സമകാലിക ആരോഗ്യ പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിനോടൊപ്പം ആദിവാസികൾ, മൽസ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടേയും സ്ത്രീകളുടേയും പ്രായാധിക്യമുള്ളവരുടേയും ആരോഗ്യാവശ്യങ്ങൾ നിറവേറ്റുന്നതിനും ആർദ്രം മിഷൻ ലക്ഷ്യമിടുന്നു. സർക്കാർ ആശുപത്രികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി മാറ്റുക, ജീവിതശൈലീ രോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, നഴ്സിംഗ് വിദ്യാഭ്യാസരംഗത്ത് അന്താരാഷ്ട്ര നിലവാരം, ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്തങ്ങൾ എന്നിവയൊക്കെ കോർത്തിണക്കിക്കൊണ്ടാണ് ആർദ്രം മിഷൻ രൂപകല്പന ചെയ്തിരിക്കുന്നത്.

### പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം



ഇല്ലായ്മകളും പോരായ്മകളും പരിഹരിച്ച് ഒന്നു മുതൽ 12-ാം ക്ലാസുവരെയുള്ള പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസരംഗത്ത് നടപ്പാക്കുക. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണപരമായ മുന്നേറ്റങ്ങൾക്കായി പശ്ചാത്തല സൗകര്യങ്ങൾ നവീകരിക്കും, സ്മാർട്ട് ക്ലാസ്റൂമുകൾ, ശുചിമുറികൾ, ലബോറട്ടറികൾ, പഠന കളരികൾ എന്നിവയൊക്കെ സജ്ജമാക്കിയ വിദ്യാലയങ്ങളാണ് ലക്ഷ്യം. വിദ്യാർത്ഥികളുടെ നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി ഓരോരുത്തരുടേയും അഭിരുചിക്കനുസൃതമായി മെച്ചപ്പെട്ട പൗരന്മാരായി വളരുന്നതിന് പര്യാപ്തമായ നിലയിൽ പൊതുവിദ്യാലയങ്ങളിലെ പഠനബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തും.

### ഹരിതകേരളം മിഷൻ

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരിതകേരളം മിഷന്റെ മുഖ്യലക്ഷ്യങ്ങൾ. വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്ക്കരണം പ്രാവർത്തികമാക്കുന്നതോടൊപ്പം ബോധവൽക്കരണവും ശുചിത്വ മാലിന്യ സംസ്ക്കരണ സേവന സൗകര്യങ്ങളും ലഭ്യമാക്കും. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയും. കുളങ്ങളും തോടുകളും ആദ്യഘട്ടത്തിൽ പുനരുജ്ജീവിപ്പിക്കുകയും രണ്ടാംഘട്ടത്തിൽ നദികൾ, കായലുകൾ തുടങ്ങി മറ്റു ജലസ്രോതസ്സുകളുടെ സംരക്ഷണവും സുസ്ഥിരമായ വിനിയോഗവും ഉറപ്പാക്കും. പച്ചക്കറികൃഷിയിലും നെല്ല്, പഴവർഗ്ഗങ്ങൾ തുടങ്ങി അടിസ്ഥാന കൃഷി ഉല്പന്നങ്ങളുടെ ജൈവകൃഷി വ്യാപകമാക്കുന്നതോടൊപ്പം കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്ക്കരിക്കും.



**പിണറായി വിജയൻ**
മുഖ്യമന്ത്രി

തിരുവനന്തപുരം
19-04-2017

# സന്ദേശം

**കേ**രളത്തിന്റെ വികസന മാതൃക ആഗോളതലത്തിൽ തന്നെ ശ്രദ്ധേയമായിട്ടുണ്ട്. എന്നിരുന്നാലും പോയ വർഷങ്ങളിലെ വിവിധ വികസന പരിപാടികളിൽ വിട്ടുപോയവരും ഒഴിവാക്കപ്പെട്ടവരും നമ്മുടെ സമൂഹത്തിൽ അവശേഷിക്കുന്നു. ഈ വസ്തുത പരിഗണിക്കുമ്പോൾ നമ്മുടെ വികസനം പൂർണ്ണമായ ലക്ഷ്യം കൈവരിച്ചുവെന്ന് പറയാനാകില്ല. മാത്രമല്ല, ഭൂപരിഷ്ക്കരണം, ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലെ ഇടപെടൽ, സാക്ഷരതാ പ്രവർത്തനങ്ങൾ, ജനകീയാസൂത്രണം എന്നിങ്ങനെ വിജയകരമായി നമ്മൾ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഇന്നത്തെ നിലയും പരിഗണിക്കപ്പെടേണ്ടതുണ്ട്. പോരായ്മകളുണ്ടെങ്കിൽ അവ പരിഹരിക്കേണ്ടതുമുണ്ട്. പൊതുജനസേവനങ്ങൾ ഗുണമേന്മയോടെ ലഭ്യമാക്കാൻ സർക്കാർ സംവിധാനങ്ങളുടെ കാലികമായ നവീകരണം അനിവാര്യവുമാണ്.

ഇത്തരം പരിഗണനകൾ കൂടി കണക്കിലെടുത്താണ് സംസ്ഥാനത്തിന്റെ സമഗ്രവും സമ്പൂർണ്ണവുമായ വികസനലക്ഷ്യം കൈവരിക്കാൻ മിഷൻ അടിസ്ഥാനത്തിൽ മുൻഗണനാ പരിപാടികൾ ആവിഷ്ക്കരിക്കാൻ നിശ്ചയിച്ചത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന-ജില്ലാ ഭരണ സംവിധാനങ്ങളെ പൂർണ്ണമായും ഏകോപിപ്പിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർവ്വവിധ പിന്തുണയും സമയബന്ധിതമായി ഉറപ്പാക്കും. കേരളം നേരിടാൻ പോകുന്ന ഏറ്റവും വലിയ വെല്ലുവിളി ജലവിഭവങ്ങളുമായി ബന്ധപ്പെട്ടതാണ്. അതിന്റെ സാർത്ഥകമായ വിനിയോഗവും പരിസരശുചിത്വം ഉറപ്പാക്കലും പ്രധാനമാണ്. ഇതിലൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് മുമ്പെന്നത്തെക്കാളും പ്രസക്തമാണ്.

അർഹരായ ഭവനരഹിതർക്ക് താമസ സൗകര്യവും ജീവനോപാധിയും ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ മിഷൻ, സർക്കാർ ആശുപത്രികളെ ജനസൗഹൃദമാക്കുന്ന ആർദ്രം മിഷൻ, ഗുണമേന്മയുറപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ജലസമ്പത്ത് കാത്തുരക്ഷിക്കുക, ഭക്ഷ്യയോഗ്യമായ വിളകൾ ഉത്പാദിപ്പിക്കുക, മാലിന്യവിമുക്ത പരിസ്ഥിതി ഉറപ്പാക്കുക എന്നിങ്ങനെ പരസ്പരപൂരകങ്ങളായ പ്രവർത്തനങ്ങൾ ഇണക്കിക്കൊണ്ട് ഹരിതകേരളം മിഷൻ വികസിപ്പിക്കാനുള്ള നടപടികൾക്കും രൂപം നൽകിയിരിക്കുന്നത്. ഡിസംബറിൽ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഈ വർഷത്തെ ബഡ്ജറ്റിലും ജനകീയാസൂത്രണ മാർഗ്ഗരേഖയിലും മിഷൻ പ്രവർത്തനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശഭരണതലത്തിലെ വികസന പ്രക്രിയയുമായി മിഷൻ പ്രവർത്തനങ്ങളെ സംയോജിപ്പിക്കാൻ പൊതുവായ ചട്ടക്കൂടും വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കേണ്ടിയിരുന്നു. പല തലങ്ങളിലെ ചർച്ചകൾക്കുശേഷം ഇത് തയ്യാറാക്കി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നവകേരളം പദ്ധതിയിൽ ഉൾപ്പെട്ട വിവിധ വികസന ദൗത്യങ്ങളുടെ വിജയകരമായ നിർവ്വഹണത്തിന് ഈ മാർഗ്ഗരേഖ പ്രയോജനകരമാകുമെന്ന് കരുതുന്നു.

ആശംസകളോടെ,

**പിണറായി വിജയൻ**

കേരള സർക്കാർ

# സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, ആസൂത്രണം, നിർവ്വഹണം, സഹായ സംവിധാനങ്ങൾ എന്നിവയെ സംബന്ധിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്

**സ.ഉ(പി)നം 10/2017/ആ.സാ.വ** തിരുവനന്തപുരം, തീയതി, 19.04.2017

---

പരാമർശം :- 1. സ.ഉ.(പി) നം. 41/2016/ആ.സാ.വ തീയതി 28.09.2016

2. സ.ഉ.(പി) നം. 50/2016/ആ.സാ.വ തീയതി 26.11.2016

## ഉത്തരവ്

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട്, ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കി വരുന്ന പ്രധാനപ്പെട്ട ഒരു പരിപാടിയാണ് 'നവകേരളം കർമ്മപദ്ധതി'. സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. ജനങ്ങളുടെ അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിനും ദീർഘവീക്ഷണത്തോടെയുള്ള പരിഷ്ക്കാരങ്ങൾക്ക് അടിത്തറ പാകുന്നതിനും വേണ്ടിയുള്ള കാലിക പ്രസക്തിയുള്ള ദൗത്യങ്ങളാണ് 'നവകേരളം കർമ്മപദ്ധതി'.

2. ലക്ഷ്യങ്ങൾ വ്യക്തമായി മുൻകൂട്ടി നിർണ്ണയിക്കൽ, ചിട്ടയായ ആസൂത്രണം, സൂക്ഷ്മതയോടെയുള്ള നിർവഹണം, ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാൻ ശ്രദ്ധാപൂർവ്വമായ നിരീക്ഷണം എന്നിവയാണ് നവകേരളം കർമ്മപദ്ധതിയുടെ സവിശേഷതകൾ. ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി താഴെ പറയുന്ന നാല് വികസനമിഷനുകളാണ് നവകേരളം കർമ്മപദ്ധതിയിൽ ഇപ്പോൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

1. സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ
2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ - ആർദ്രം മിഷൻ.
3. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.
4. ശുചിത്വ - മാലിന്യ സംസ്കരണം, മണ്ണ്- ജല സംരക്ഷണം, ജൈവകൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കൃഷിവികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിത കേരളം മിഷൻ.

3. ബഹുജന പങ്കാളിത്തവും എല്ലാ മേഖലയിലേയും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക കൂട്ടായ്മകളുടെ സമഗ്ര പങ്കാളിത്തവും ഉറപ്പാക്കിയുള്ളതാണ് നവകേരളം കർമ്മപദ്ധതിയുടെ നിർവ്വഹണ സമീപനം. ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് താഴെത്തട്ടുകളിൽ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.

4. നാലു വികസന മിഷനുകളുടെ 2016 നവംബർ 10-ന് നടന്ന സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വികസന സെമിനാറിലും സംസ്ഥാനത്തിന്റെ വിവിധ

മേഖലകളിലും തലങ്ങളിലുമുള്ള പൊതുജനങ്ങളുമായും ജനപ്രതിനിധികളുമായും അനുഭവ സമ്പത്തുള്ള വിദഗ്ദ്ധരുമായും നടത്തിയ കൂടിയാലോചനാ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മിഷനുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. കേരളം നേരിടുന്ന സാമൂഹ്യ സാമ്പത്തിക വെല്ലുവിളികൾ കാലാനുസൃതമായി വിലയിരുത്തി കൂടുതൽ മേഖലകളിലെ ഇടപെടലുകൾക്ക് സമയാസമയത്ത് രൂപം നൽകി നവകേരളം കർമ്മപദ്ധതിയിൽ കൂട്ടിച്ചേർക്കപ്പെടുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പൗരസമിതികൾ, ബഹുജന സംഘടനകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ-ആരോഗ്യസംരക്ഷണ-ക്ഷേമപ്രവർത്തന രംഗങ്ങളിലെ ജനകീയ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ, കമ്പനികൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ എന്നിങ്ങനെ സമൂഹത്തിന്റെ സമസ്ത മേഖലകളിലും പ്രവർത്തിക്കുന്ന സംഘടനകളുടേയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സാങ്കേതിക സഹായം, സന്നദ്ധ സേവനം, സാമ്പത്തിക സഹായം തുടങ്ങി ബഹുവിധ സഹായസഹകരണങ്ങൾ സമാഹരിച്ചുകൊണ്ടാണ് മിഷൻ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്.

6. ഈ സാഹചര്യത്തിൽ വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, സമീപനം, മിഷൻ ഘടന, സഹായ സംവിധാനങ്ങൾ, വിവിധ തലങ്ങളിലെ മിഷനുകളുടേയും സഹായ സംവിധാനങ്ങളുടേയും ചുമതലകളും ഉത്തരവാദിത്വങ്ങളും എന്നിവയെ സംബന്ധിച്ച്, ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് പകരമുള്ളതാണ് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗരേഖ എന്നും സർക്കാർ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**നളിനിനെറ്റോ**

ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രൻസിപ്പൽ സെക്രട്ടറിമാർ /സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാവകുപ്പുകൾക്കും
എല്ലാ ഓഫീസർമാർക്കും,
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പു മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുഭരണ (എസ്.സി) വകുപ്പിന്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എ മാർക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക് (പ്ലാനിംഗ്)

# നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള വികസനമിഷനുകളുടെ ലക്ഷ്യങ്ങൾ, സഹായസംവിധാനങ്ങൾ എന്നിവയെ സംബന്ധിക്കുന്ന

# മാർഗ്ഗരേഖ

## 1. ആമുഖം

1.1. നവകേരള നിർമ്മാണത്തിന് സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. ജനങ്ങളുടെ അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിന് ദീർഘവീക്ഷണത്തോടെയുള്ള പരിഷ്ക്കാരങ്ങൾക്ക് അടിത്തറ ഇടുന്നതിനും വേണ്ടിയുള്ള കാലിക പ്രസക്തിയുള്ള ദൗത്യങ്ങളായിട്ടാണ് 'നവകേരളം കർമ്മപദ്ധതി' (സ.ഉ.(പി) നം. 41/2016/ആ.സാ.വ : തീയതി 28.09.2016) ചിട്ടപ്പെടുത്തിയിരിക്കുന്നത്. ജനങ്ങളുടെ ജീവിതത്തെയും ജീവനോപാധികളെയും സ്പർശിക്കുന്ന വിധത്തിലുള്ളതും അവരുടെ അഭിലാഷങ്ങളെ നിറവേറ്റുവാൻ ഭരണത്തെ രൂപാന്തരപ്പെടുത്തുന്നതുമായ തരത്തിലാണ് ഈ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

1.2. ഏറ്റവും പ്രധാനപ്പെട്ടവയെന്ന് കണ്ടെത്തിയ ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി താഴെ പറയുന്ന നാല് വികസന മിഷനുകളാണ് നവകേരളം കർമ്മ പദ്ധതിയിൽ ഈ ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

1. **സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ**
2. **ജനസൗഹൃദ സർക്കാർ ആശുപത്രികൾ - ആർദ്രം മിഷൻ.**
3. **പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം.**
4. **ശുചിത്വ - മാലിന്യ സംസ്കരണം, മണ്ണ് - ജല സംരക്ഷണം, ജൈവകൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കൃഷി വികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിത കേരളം മിഷൻ.**

1.3. ഹ്രസ്വകാല - ദീർഘകാല ലക്ഷ്യങ്ങളും അവ ഓരോന്നും കൈവരിക്കേണ്ട സമയക്രമവും വ്യക്തമായി മുൻകൂട്ടി നിർണ്ണയിച്ച് വിശദമായ കർമ്മ പദ്ധതി തയ്യാറാക്കുകയും അനുയോജ്യവും നൂതനവുമായ സാങ്കേതിക വിദ്യയും വിദഗ്ധ സഹായവും യഥാസമയം ലഭ്യമാക്കുകയും ചെയ്ത് ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യങ്ങൾ കൈവരിക്കുകയും അതുവഴി വികസന പ്രവർത്ത

നങ്ങളുടെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക എന്ന സമീപനമാണ് ഉദ്ദേശിക്കുന്നത്.

1.4. കേരളം നേരിടുന്ന സാമൂഹ്യ സാമ്പത്തിക വെല്ലുവിളികൾ കാലാനുസൃതമായി വിലയിരുത്തി കൂടുതൽ മേഖലകളിലെ ഇടപെടലുകൾക്ക് സമയാസമയത്ത് രൂപം നൽകി നവകേരളം കർമ്മപദ്ധതിയിൽ കൂട്ടിച്ചേർക്കുന്നതാണ്. ബഹുജന പങ്കാളിത്തവും എല്ലാ മേഖലയിലേയും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക കൂട്ടായ്മകളുടെ സമഗ്ര പങ്കാളിത്തവും ഉറപ്പാക്കിയുള്ള നിർവ്വഹണം നവകേരളം കർമ്മപദ്ധതിയുടെ പ്രത്യേകതയാണ്.

**ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ താഴെത്തട്ടുകളിൽ നടപ്പാക്കുക. പൗരസമിതികൾ, ബഹുജന സംഘടനകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ-ആരോഗ്യസംരക്ഷണ-ക്ഷേമ പ്രവർത്തന രംഗങ്ങളിലെ ജനകീയ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ, കമ്പനികൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ എന്നിങ്ങനെ സമൂഹത്തിന്റെ സമസ്ത മേഖലകളിലും പ്രവർത്തിക്കുന്ന സംഘടനകളുടേയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സാങ്കേതിക സഹായം, സന്നദ്ധ സേവനം, സാമ്പത്തിക സഹായം തുടങ്ങി ബഹുവിധ സഹായസഹകരണങ്ങൾ സമാഹരിച്ചുകൊണ്ടാണ് മിഷൻ പ്രവർത്തനങ്ങൾ നടപ്പാക്കുക.**

1.5. ഇതിനായി താഴെപ്പറയുന്ന മൂന്ന് തലങ്ങളിലെ പ്രവർത്തനങ്ങൾ അർത്ഥപൂർണ്ണമായി സംയോജിപ്പിക്കണം.

(എ) മിഷനുകളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളുടെ ആസൂത്രണം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാവർത്തികമാക്കുകയും അതിലൂടെ തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തിന് വേണ്ടി ഒറ്റ പദ്ധതി (Single Plan) തയ്യാറാക്കുകയും തുടർന്ന് പദ്ധതിയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നിർവഹണം നടത്തുകയും ചെയ്യുക.

(ബി) വകുപ്പുകളുടെ കീഴിൽ പ്രത്യേകമായി തയ്യാറാക്കുന്ന കേന്ദ്ര/സംസ്ഥാന പദ്ധതികളും വിഭവങ്ങളും കഴിയുന്നിടത്തോളം ഈ പദ്ധതിയുമായി സംയോജിപ്പിക്കണം.

(സി) പൊതുസമൂഹത്തിന്റെ നേതൃത്വത്തിലും സഹായത്തിലും രൂപപ്പെടുന്ന പദ്ധതികളും പ്രവർത്തനങ്ങളും ഈ പൊതുപദ്ധതിയുമായി സംയോജിപ്പിക്കും.

ഇത്തരത്തിൽ പൊതുപദ്ധതി രൂപപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുന്നതാണ്. മാത്രമല്ല ഇവയ്ക്കുവേണ്ട സാങ്കേതിക വിദ്യയും സാങ്കേതിക സഹായവും മിഷനുകളുടെ സഹായ സംവിധാനങ്ങളിലൂടെ ആവശ്യാനുസരണം ലഭ്യമാക്കുന്നതുമാണ്.

1.6. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, വലിയ തോതിൽ ബഹുജനങ്ങളെ അണിനിരത്തി, വരുന്ന 5 വർഷം കൊണ്ട് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

## 2. വികസന മിഷനുകൾ - പൊതുലക്ഷ്യങ്ങൾ

പ്രധാനമായും താഴെപ്പറയുന്ന പൊതുലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായിരിക്കും മിഷനുകൾ പ്രവർത്തിക്കുക.

2.1. വികസന പ്രക്രിയയുടെ പൂർണ്ണ പ്രയോജനം ഇനിയും ലഭിക്കാത്തവരും ഒഴിവായി പ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക.

2.2. ആരോഗ്യമേഖല ഉൾപ്പെടെയുള്ള വികസന രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുക വഴി കേരള വികസന മാതൃക പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുക.

2.3. ജലവും, മണ്ണും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും ശാസ്ത്രീയമായി വിനിയോഗിക്കുകയും സുസ്ഥിരമായി പരിപാലിക്കുകയും ചെയ്യുക.

2.4. വ്യാപകമായി ഉപകാരപ്രദമായ മരങ്ങൾ വച്ച് പിടിപ്പിച്ച് സംസ്ഥാനത്തൊട്ടാകെ ഹരിതാവരണം സൃഷ്ടിക്കുക.

2.5. താഴെത്തട്ടിൽ സേവനങ്ങൾ നൽകുന്ന സർക്കാർ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട ഏകോപനവും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റു വിഭവങ്ങളുടേയും ശാസ്ത്രീയ വിനിയോഗവും പരിപാലനവും ഉറപ്പാക്കുക.

2.6. ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കുന്നതിന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപിപ്പിക്കുക.

2.7. സ്ഥാപനതല-വ്യക്തിഗത സാമൂഹ്യ പ്രതിബദ്ധതാ വിഭവങ്ങളുടേയും ജനകീയ സ്രോതസ്സുകളുടേയും സംയോജനം സാധ്യമാക്കുക.

## 3. വികസന സമീപനം

3.1. സംസ്ഥാനത്തിന്റെ തനത് പ്രത്യേകതകളും ഇതിനോടകം നേടിയിട്ടുള്ള പുരോഗതിയും വികസന മാതൃകകളും സാമൂഹിക ഘടകങ്ങളും സാംസ്കാരിക പൈതൃകവും പൂർണ്ണമായ തോതിൽ ഉൾക്കൊണ്ട് ആഭ്യന്തര വളർച്ചയും ജീവിത ഗുണമേന്മയും ഉറപ്പാക്കാൻ സഹായിക്കുന്ന സമീപനമാണ് മിഷനുകളുടെ പ്രവർത്തനങ്ങൾക്കായി സ്വീകരിക്കുക. ഈ സമീപനത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളുടെ സവിശേഷതകൾ താഴെ പറയുന്നവയാണ്.

- ഉത്തരവാദിത്തത്തോടെയുള്ള സുതാര്യവും ഫലപ്രദവുമായ ഭരണ നിർവ്വഹണം സാധ്യമാക്കുക
- പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും നിരീക്ഷണത്തിലും വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പാക്കുക
- വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും വൈദഗ്ദ്ധ്യം പൂർണ്ണമായും പ്രയോജന പ്പെടുത്തി കാര്യക്ഷമമായ സേവനം ഉറപ്പാക്കുക

- സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെ ഉത്തരവാദിത്തബോധവും അഴിമതി രഹിത പ്രവർത്തനങ്ങളും ഉറപ്പാക്കുന്നതിന് ചിട്ടയായ പരാതി പരിഹാര സംവിധാനങ്ങൾ നിലവിലുള്ള ഭരണ സംവിധാനത്തിന്റെ ഭാഗമാക്കി ശക്തിപ്പെടുത്തുക.
- വിവര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം എല്ലാ രംഗത്തും ഉറപ്പാക്കുക ; ഓരോ മേഖലയിലും നൂതന സാങ്കേതികവിദ്യകളും (Innovative ideas) ആഗോളതല മികച്ച പ്രവർത്തന മാതൃകകളും നമ്മുടെ സാമൂഹ്യ ചുറ്റുപാടുകൾക്കനുസൃതമായി പരുവപ്പെടുത്തി പ്രയോഗത്തിൽ വരുത്തുക.
- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സംയോജനവും കാര്യക്ഷമമായ നടത്തിപ്പും ഉറപ്പാക്കുക.
- സന്നദ്ധ സംഘടനകൾ, മത സ്ഥാപനങ്ങൾ, പ്രവാസികൾ, സർക്കാരിതര സംഘടനകൾ തുടങ്ങി സമൂഹത്തിന്റെ സമസ്ത മേഖലയിലുമുള്ള ജനങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും സ്ഥാപനങ്ങളുടേയും പൂർണ്ണ സഹകരണവും അധിക വിഭവ സമാഹരണത്തിനുള്ള പങ്കാളിത്തവും ഉറപ്പാക്കുക.

# 4. വികസന മിഷനുകളുടെ ലക്ഷ്യങ്ങളും (Objectives) പ്രവർത്തന സമീപനവും

## 4.1. ലൈഫ് മിഷൻ
## (Livelihood, Inclusion and Financial Empowerment):

സുരക്ഷിതവും മാന്യവുമായ ഭവനം എല്ലാ വിഭാഗം ജനങ്ങളുടേയും അടിസ്ഥാന ആവശ്യമാണ്. ഇത് ഉറപ്പാക്കുന്നതിനുള്ള സാഹചര്യമൊരുക്കാനും സഹായം നൽകാനും സർക്കാരിന് ഉത്തരവാദിത്തമുണ്ട്. ഈ ചുമതല ഏറ്റെടുത്തുകൊണ്ട് കേരളത്തിലെ പാർപ്പിടരംഗം നേരിടുന്ന ബഹുവിധമായ പ്രശ്നങ്ങൾക്ക് തനതായ പരിഹാര സമീപനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കുകയാണ് ലൈഫ് മിഷന്റെ ഉദ്ദേശ്യം. അടിസ്ഥാന സൗകര്യങ്ങൾ അപ്രാപ്യമായ വെറും കയറിക്കിടക്കാനുള്ള ഇടമെന്ന ഒറ്റപ്പെട്ട തുരുത്തുകളായി വീട് മാറാതെ സമൂഹത്തിൽ സുരക്ഷിതമായും സ്വാഭിമാനത്തോടെയും നിലനിൽക്കാനും പ്രവർത്തിക്കാനുമുള്ള സാഹചര്യമൊരുക്കുന്നതോടൊപ്പം രോഗികളും വാർദ്ധക്യ ക്ലേശമനുഭവിക്കുന്നവരുമായ കുടുംബാംഗങ്ങളെ സംരക്ഷിക്കാനും വരുംതലമുറയെ സാമൂഹിക ബോധമുള്ള നല്ല പൗരജനങ്ങളായി വളർത്തിയെടുക്കാനുമുതകുന്ന ഇടങ്ങളായിരിക്കണമെന്ന സമീപനത്തിൽ അധിഷ്ഠിതമായിരിക്കും ഈ മിഷന്റെ പ്രവർത്തന പദ്ധതി.

### 4.1.1. ലക്ഷ്യങ്ങൾ

(1) അടുത്ത 5 വർഷത്തിനുള്ളിൽ താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കുകയാണ് ലക്ഷ്യം.

(i) പാവപ്പെട്ട ഭവനരഹിതരിൽ സ്വന്തമായി ഭൂമിയുള്ള എല്ലാവർക്കും വീട് ലഭ്യമാക്കുക,

(ii) സർക്കാർ/ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽപ്പെടുത്തി മുൻകാലങ്ങളിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചതിൽ നിർ

മ്മാണം പൂർത്തിയാക്കാൻ കഴിയാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക.

(iii) വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുകയും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുകയും ചെയ്യുക.

(iv) പാവപ്പെട്ട എല്ലാ ഭൂരഹിത-ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക. സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള ശാക്തീകരണ പ്രക്രിയ ഇതിൽ ഉൾച്ചേർക്കുക.

(2) താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്നവരായിരിക്കും ഇതിന്റെ **ഗുണഭോക്താക്കൾ**

| | |
|---|---|
| (i) | സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ |
| (ii) | ഭവനനിർമ്മാണം ഭാഗികമായി മാത്രം പൂർത്തിയാക്കി ഭവനരഹിതരായി തുടരുന്നവർ (മുൻകാലങ്ങളിൽ വിവിധ പദ്ധതികളുടെ ഭാഗമായി പൂർണ്ണമായോ ഭാഗികമായോ ധനസഹായം ലഭിച്ചവർ). |
| (iii) | വാസയോഗ്യമല്ലാത്ത വീടുള്ളവർ. |
| (iv) | പുറമ്പോക്കിലോ തീരദേശമേഖലയിലോ തോട്ടംമേഖലയിലോ താൽക്കാലിക ഭവനമുള്ളവർ. |
| (v) | ഭൂമിയില്ലാത്ത ഭവനരഹിതർ |

**ഇതിൽ (i), (ii), (iii) വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിന് /പൂർത്തീകരണത്തിന്/ഭവനപുനരുദ്ധാരണത്തിന് ധനസഹായവും (iv), (v) വിഭാഗങ്ങളിൽപ്പെട്ടവർക്ക് പാർപ്പിടസൗകര്യവും സമഗ്ര ഉപജീവനസുരക്ഷയും ലഭ്യമാക്കുന്നതാണ്.**

## 4.1.2. പ്രവർത്തനസമീപനം

1. ഖണ്ഡിക 4.1.1.(2) ലെ (iii), (iv), (v) ഉപവിഭാഗങ്ങളിൽപ്പെടുന്നവർക്ക് ലഭ്യമാക്കുന്ന പാർപ്പിട സൗകര്യവും അനുബന്ധ സേവനങ്ങളും

    - ഇവർക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിനായി സ്ഥലലഭ്യതയും ഗുണഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ബ്ലോക്ക്/നഗരസഭ അടിസ്ഥാനത്തിൽ വീടുകളുടെ സമുച്ചയം നിർമ്മിക്കുന്നതാണ്.

- ഇവർക്ക് പാർപ്പിട സൗകര്യത്തോടൊപ്പം ഉൽപാദന, സേവന മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി **സ്ഥിരവരുമാനം ഉറപ്പാക്കാനുള്ള തൊഴിൽ ഉൾപ്പെടെ സമഗ്ര ഉപജീവനസുരക്ഷയും (Livelihood security) അതിന്റെ ഭാഗമായി ചുവടെ പ്രതിപാദിക്കുന്ന സേവനങ്ങളും** ഗുണമേന്മയോടെ ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

- അംഗൻവാടി
- സ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കൽ
- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ്.
- ഇംഗ്ലീഷ്, ഐ.ടി. പഠനത്തിന് പ്രത്യേക ഊന്നൽ.
- കൗമാരക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ്.
- നൈപുണ്യവികസന പരിശീലനം.
- ഉന്നത വിദ്യാഭ്യാസ തയ്യാറെടുപ്പിനുള്ള പരിശീലന പരിപാടികൾ.
- സ്വയംതൊഴിൽ പരിശീലനം.
- ആരോഗ്യപരിരക്ഷ.
- വിവാഹസഹായം.
- ശിശുസംരക്ഷണ-വയോജനപരിപാലന സൗകര്യങ്ങൾ.
- പാലിയേറ്റീവ് കെയർ.
- സാമൂഹ്യസുരക്ഷാ പെൻഷൻ

- ഇവിടങ്ങളിൽ ഫ്ളാറ്റ് സമുച്ചയങ്ങളിലേതുപോലെ വെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യങ്ങൾ, പാചക ഇന്ധനം, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതാണ്.
- വീട് അനുവദിക്കപ്പെടുന്നവർക്ക് വീട് വാടകയ്ക്ക് നൽകാനോ കൈമാറാനോ അവകാശമുണ്ടായിരിക്കുന്നതല്ല. എന്നാൽ പിൻതുടർച്ചാവകാശം നിർണ്ണയിച്ചു നൽകാൻ വ്യവസ്ഥയുണ്ടാകും.
- സർക്കാർ നിശ്ചയിക്കുന്ന തുക മുടക്കം കൂടാതെ ഒടുക്കുന്നവർക്ക് 15-20 വർഷത്തിനുശേഷം ഫ്ളാറ്റ് സ്വന്തമാക്കാവുന്നതാണ്.
- ലൈഫ് ഭവന സമുച്ചയങ്ങളിലേക്ക് വിവിധ ജീവിത സാഹചര്യങ്ങളിൽ നിന്നും എത്തുന്ന ഗുണഭോക്താക്കളെ ഒരൊറ്റ സമൂഹമായി കൂട്ടിയിണക്കുന്നതിനും അവരെ സ്വയംപര്യാപ്തരാക്കുന്നതിനുമുള്ള ഇടപെടലുകളും സഹായ സൗകര്യങ്ങളും ആവശ്യാധിഷ്ഠിത പരിശീലനങ്ങളും ഒരുക്കുന്നതിന് സന്നദ്ധ പ്രവർത്തകരുടേയും (LIFE Social Animators) സംഘടനകളുടേയും സഹായം ഉറപ്പാക്കും.
- ഗുണഭോക്തൃ സംഘടനാ സംവിധാനങ്ങൾ രൂപീകരിച്ച് അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതും, വീട് നിർമ്മാണത്തിലും കെട്ടിട സമുച്ചയങ്ങളുടെ പരിപാലനത്തിലും അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതുമാണ്.

- ലൈഫ് ഭവന സമുച്ചയങ്ങളുടെ ദൈനംദിന പരിപാലനത്തിന് ഗുണഭോക്താക്കളുടെ പൂർണ്ണ പങ്കാളിത്തത്തോടെയുള്ള സംഘടനാ സംവിധാനങ്ങളും പ്രവർത്തന ചട്ടക്കൂടും ഉണ്ടായിരിക്കും.

2. അട്ടപ്പാടി സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് പ്രദേശത്ത് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് അഹാഡ്സ് (AHADS) വികസിപ്പിച്ചെടുത്ത 'അട്ടപ്പാടി മാതൃക' പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിന് അവലംബിക്കുന്നതാണ്. ഗുണഭോക്താക്കളുമായി കൂടിയാലോചിച്ച് കുടുംബത്തിലെ അംഗസംഖ്യക്ക് അനുസൃതമായി വീടിന്റെ വിസ്തീർണം (നിശ്ചിത പരിധിക്കുള്ളിൽ) നിർണയിക്കുകയും അതു പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി യഥാർത്ഥ ചെലവ് അനുവദിക്കുകയും ചെയ്യുന്ന രീതിയിൽ ഗുണഭോക്താക്കൾക്ക് സ്വീകാര്യമായ വീടുകൾ, സാമൂഹ്യ പ്രതിബന്ധതയുള്ള ഏജൻസികൾ മുഖേന നിർമ്മിച്ചു നൽകുക എന്നതാണ് ഈ മാതൃകയിലൂടെ ലക്ഷ്യമിടുന്നത്. വീടിന്റെ രൂപകൽപ്പന മുതൽ നിർവഹണം വരെയുള്ള എല്ലാ ഘട്ടത്തിലും ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.

3. നിർമ്മാണ സാമഗ്രികളുടെ ലഭ്യത ബ്ലോക്ക് തലത്തിൽ ഉറപ്പുവരുത്തുന്നതാണ്. വിതരണക്കാരുടേയും ഇടനിലക്കാരുടേയും ചൂഷണം ചെറുക്കുന്നതിന് വിവിധ തരം നിർമ്മാണ സാമഗ്രികളുടെ (ഇഷ്ടിക, വെട്ടുകല്ല്, സിമന്റ്, മണൽ, കമ്പി, തടി, മുതലായവയുടെ) വില കൂടിയാലോചനയിലൂടെ ജില്ലാ കളക്ടർ നിശ്ചയിച്ചു നൽകുന്നതാണ്.

4. പുറമെ നിന്നു ലഭ്യമാക്കേണ്ട സാധന സാമഗ്രികൾ ഗുണമേന്മയും ആദായവിലയും ഉറപ്പാക്കി എത്തിക്കുന്നതിന് ബൾക്ക് പർച്ചെയ്സ് സംവിധാനം ഒരുക്കും.

5. ആധുനിക-പ്രീഫാബ്രിക്കേഷൻ നിർമ്മാണ സങ്കേതങ്ങളും നിർമ്മാണ വസ്തുക്കളും ഉചിതമായി ഉപയോഗപ്പെടുത്തുന്നതിലൂടെ നിർമ്മാണ സമയവും ചെലവും കുറയ്ക്കാൻ നടപടി സ്വീകരിക്കും.

6. നിർമ്മാണ തൊഴിലാളികളുടെ ലഭ്യതയും തൊഴിൽ നൈപുണ്യവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കെട്ടിട നിർമ്മാണ ഘട്ടത്തിന് മുന്നോടിയായി തദ്ദേശ ഭരണ സ്ഥാപനതലത്തിൽ വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതാണ്.

7. കെട്ടിട നിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പാക്കുന്നതിനും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും എഞ്ചിനീയറിംഗ് കോളേജുകളെയും, പോളിടെക്നിക്കുകളെയും മറ്റ് സാങ്കേതിക സ്ഥാപനങ്ങളെയും തേർഡ് പാർട്ടി ക്വാളിറ്റി അഷ്വറൻസ് ടെക്നിക്കൽ ഏജൻസികളായി നിശ്ചയിച്ച് വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതല നൽകുന്നതാണ്.

8. ഓരോ വീടിന്റെയും നിർമ്മാണ പുരോഗതി പൊതുജനങ്ങൾക്കുകൂടി നിരീക്ഷിക്കാൻ കഴിയും വിധത്തിൽ ഐ.ടി. അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം ആവിഷ്ക്കരിക്കുന്നതാണ്.

9. നിർമ്മാണ നടപടിയിലും പദ്ധതി നിർവ്വഹണത്തിലും സുതാര്യതയും ഉത്തരവാദിത്തവും പ്രതിബദ്ധതയും ഉറപ്പാക്കും.




# 4.2. ആർദ്രം മിഷൻ

ആദിവാസികൾ, മൽസ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടേയും സ്ത്രീകളുടേയും പ്രായാധിക്യമുള്ളവരുടേയും ആരോഗ്യാവശ്യങ്ങൾ നിറവേറ്റുന്നതിനായി മുൻഗണനാടിസ്ഥാനത്തിൽ മിഷൻ പ്രവർത്തനങ്ങളുണ്ടാകും. സർക്കാർ ആശുപത്രികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി മാറ്റുക, ജീവിതശൈലീ രോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം, ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെത്തട്ടിൽ നിന്നുതന്നെയുള്ള നിയന്ത്രണം എന്നിവയൊക്കെ കോർത്തിണക്കിക്കൊണ്ടാണ് ആർദ്രം മിഷൻ രൂപകല്പന ചെയ്തിരിക്കുന്നത്.

## 4.2.1.ലക്ഷ്യങ്ങൾ

പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്കും സാധാരണക്കാർക്കും സുഗമമായി ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനാണ് ആർദ്രം മിഷൻ മുഖ്യമായും ലക്ഷ്യമിടുന്നത്. താഴെപ്പറയുന്നവയാണ് മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

1. പൊതുആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സ തേടുന്നവർക്ക് ഗുണമേന്മയും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക, ഒ.പി. വിഭാഗം ഉൾപ്പെടെ ആശുപത്രികൾ രോഗീസൗഹൃദമാക്കുക, സേവന ഗുണമേന്മ ഉറപ്പാക്കാൻ ഐ.റ്റി. അധിഷ്ഠിത സൗകര്യങ്ങൾ സൃഷ്ടിക്കുക.
2. മെഡിക്കൽ കോളേജ്, ജില്ലാ, താലൂക്ക് ആശുപത്രികളിൽ ഘട്ടംഘട്ടമായി അത്യാവശ്യമായ സ്പെഷ്യാലിറ്റി/ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
3. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി പ്രവർത്തന മേഖല വിപുലപ്പെടുത്തുക - ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുക, ആവശ്യമെങ്കിൽ ഉയർന്ന തലത്തിലേയ്ക്ക് റെഫർ ചെയ്യുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയിൽ കാര്യക്ഷമമായി ഇടപെടുക എന്നിവയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളായി വിഭാവനം ചെയ്തിട്ടുളളത്.

4. രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖ (Treatement Protocol) പ്രകാരം ഗുണ മേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.
5. സ്റ്റാൻഡേർഡുകളും അക്രഡിറ്റേഷൻ സംവിധാനങ്ങളിലൂടെയും ചികിത്സകർക്കും ആരോഗ്യ പ്രവർത്തകർക്കും തൊഴിൽ സംബന്ധമായ അപായ സാധ്യതകളിൽ നിന്ന് സുരക്ഷിതത്വം ഉറപ്പാക്കും.
6. നഴ്സിംഗ് രംഗത്ത് നൈപുണ്യ വികസനത്തിനും മനുഷ്യവിഭവശേഷി വർദ്ധനവിനും ഊന്നൽ നൽകുക.
7. ആയുർവേദ ചികിത്സാ രീതികളും പാരമ്പര്യ ചികിത്സാ മേഖലകളും കാലോചിതമായി ശക്തിപ്പെടുത്തി വിപുലീകരിക്കുക.

## 4.2.2. പ്രവർത്തനസമീപനം

1. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ മൂന്ന് വിഭാഗങ്ങളിലെയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/ഡിസ്പെൻസറികൾ, കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ എന്നിവിടങ്ങളിൽ മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണ്.
2. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്ന്ലഭ്യത ഉറപ്പുവരുത്തുകയും സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ, തുടർ ചികിത്സ എന്നിവയ്ക്ക് ഊന്നൽ നൽകുകയും ചെയ്യുന്നതാണ്.
3. ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾക്കും സേവനങ്ങൾക്കും നിശ്ചിത നിലവാരം (Minimum standard) നിശ്ചയിച്ച് ഘട്ടംഘട്ടമായി അവ കൈവരിക്കുന്നതാണ്.
4. സേവനാനുബന്ധ സൗകര്യങ്ങളുടെ വ്യാപനം (Extension services) ഉറപ്പാക്കുന്നതാണ്.
5. ആരോഗ്യ പരിപാലന രംഗത്തും ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക് ശക്തിപ്പെടുത്തും.

# 4.3. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

പൊതുവിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതുആസ്തികളായി സ്കൂളുകളെ മാറ്റുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ലക്ഷ്യമാക്കുന്നത്. ഇതിന് പര്യാപ്തമായ രീതിയിൽ പൊതുവിദ്യാലയങ്ങളിലെ പഠനബോധനപ്രക്രിയയുടെ ഗുണനിലവാരം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തി വിദ്യാർത്ഥികളുടെ അറിവ്, നൈപുണികൾ, മനോഭാവം എന്നിവ ലോകോത്തര നിലവാരത്തിലേക്കുയർത്തണം. ഇതിന് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, നൂതന വിവരസാങ്കേതികവിദ്യാ സങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിലും ഉറപ്പുവരുത്തണം. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അധ്യാപക-രക്ഷകർത്തൃ സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങി വിവിധ സംഘടനകളുടേയും പൊതുസമൂഹത്തിന്റെയും ബൗദ്ധികവും സാമ്പത്തികവുമായ സഹായവും പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഏകോപിതമായ പ്രവർത്തനവും കൂട്ടിയോജിപ്പിച്ചാണ് ഇത് സാധ്യമാക്കുക.

## 4.3.1. ലക്ഷ്യങ്ങൾ

ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിലും പ്രീ-പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള വിദ്യാഭ്യാസ സൗകര്യം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് 1000 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുക.
2. ഹൈസ്ക്കൂൾ-ഹയർസെക്കന്ററി തലത്തിൽ എല്ലാ ക്ലാസ്മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി കാലോചിതമായ ബോധനവിദ്യകൾ (pedagogy) ഉപയോഗപ്പെടുത്തി പഠനപ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അധ്യാപക-രക്ഷകർത്തൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പഠന-ബോധന സൗകര്യങ്ങളുടെ കാലോചിതമായ വികസനം ഉറപ്പാക്കി പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുക.

4. ഇംഗ്ലീഷ്ഭാഷാ പ്രാവീണ്യമുൾപ്പെടെ വിദ്യാർത്ഥികളിൽ ആശയവിനിമയ ശേഷിയും ജീവിത നൈപുണികളും (Life skills) വർദ്ധിപ്പിക്കുക.

## 4.3.2. പ്രവർത്തനസമീപനം

1. പ്രീസ്കൂൾ മുതൽ പ്ലസ്ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരത്തിലുള്ള പഠന ബോധന സൗകര്യങ്ങൾ ഉറപ്പാക്കുന്ന ഹൈടെക് ക്ലാസ്മുറികൾ, ലബോറട്ടറി, ലൈബ്രറി, കലാ-കായിക പഠന സൗകര്യങ്ങൾ തുടങ്ങിയ ഗുണമേന്മയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓരോ പൊതുവിദ്യാലയത്തിലും ഉറപ്പാക്കുക.
2. ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട അറിവും നൈപുണിയും നിർവ്വചിക്കുകയും പഠന നിലവാരം നിഷ്ക്കർഷിക്കുകയും വേണം. ഓരോ ഘട്ടത്തിലും ഈ ശേഷികൾ നേടിയോ എന്ന് വിലയിരുത്തി, കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ പഠനബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
3. ഒരു അധ്യയന വർഷം ഏറ്റവും കുറഞ്ഞത് 200 പ്രവൃത്തി ദിനങ്ങൾ പൂർണ്ണമായി വിനിയോഗിച്ച് ഓരോ വിദ്യാർത്ഥിയെയും കഴിവിന്റെ പരമാവധിയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിലൊരുക്കുന്ന വിദ്യാർത്ഥി കേന്ദ്രീകൃതമായ ഇടപെടലാണ് അക്കാദമിക രംഗത്ത് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിനു കീഴിലെ വിവിധ ഏജൻസികളുടെ ഏകോപിതമായ പ്രവർത്തനത്തിലൂടെ ഇക്കാര്യം ഉറപ്പാക്കും.
4. സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ ഒന്നാംതരം മുതൽ +2 വരെ മികവിന്റെ കേന്ദ്രങ്ങളാക്കാനാണ് ഉദ്ദേശിക്കുന്നത്. ജനപങ്കാളിത്തത്തോടെ എയ്ഡഡ് വിദ്യാലയങ്ങൾ നവീകരിക്കണം. വിദ്യാലയ നവീകരണത്തിന് ഒരു മാസ്റ്റർ പ്ലാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കും. ഓരോ വിദ്യാലയത്തിലും മാസ്റ്റർ പ്ലാനിലുള്ള സൗകര്യങ്ങളിൽ കുറവു വരാൻ പാടില്ല. നവീകരണത്തിന് ചെലവിടുന്നതിനുള്ള തുല്യമായ സംഖ്യ പരമാവധി ഒരു കോടി രൂപ പരിധി വച്ച് സർക്കാർ നൽകും. സാമ്പത്തികശേഷിയുള്ള കോർപ്പറേറ്റുകളുടെ നേതൃത്വത്തിലുള്ള വിദ്യാലയങ്ങളെയല്ല ഈ ഗണത്തിൽപ്പെടുത്തുക. അക്കാദമിക് സൗകര്യങ്ങൾ മുഴുവൻ വിദ്യാലയങ്ങളിലും സർക്കാർ നിർദ്ദേശിക്കുംവിധം ഒരുക്കുകയാണ് വേണ്ടത്.

# 4.4. ഹരിതകേരളം മിഷൻ

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജല സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധി പ്പിക്കുക എന്നിവയാണ് ഹരിത കേരള മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രാദേ ശിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മിഷൻ വഴി ലക്ഷ്യമിടുന്നുണ്ട്.

## 4.4.1. ഹരിതകേരളം മിഷന്റെ പൊതുവായ ലക്ഷ്യങ്ങൾ

1. ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസനപ്രവർത്ത നങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പ്രവർത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളേയും തദ്ദേശ ഭരണസ്ഥാപനങ്ങളേയും സമൂഹത്തേയും പ്രാപ്തരാക്കുക
2. പാരിസ്ഥിതികസുരക്ഷയും ഉത്പാദനക്ഷമതയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിതപദ്ധതി രൂപീകരിക്കുന്നതിന് പ്രേരക ശക്തിയായി പ്രവർത്തിക്കുക.
3. ശുചിത്വ-മാലിന്യസംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക, ജനപങ്കാളിത്തത്തോടെ ശാസ്ത്രീയ മാ ലിന്യസംസ്കരണം ഉറപ്പാക്കുക.
4. മഴവെള്ളസംഭരണം വ്യാപകമാക്കുക, ഭൂഗർഭജലസംപോഷണം ഉറപ്പാക്കുക.
5. ഫലവൃക്ഷങ്ങൾ, വിവിധോദ്ദേശ്യ മരങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചുപിടിപ്പിക്കുക.

## 4.4.2. ഹരിതകേരളം മിഷന്റെ പൊതുവായ പ്രവർത്തനസമീപനം

1. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതി നും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷ ണം എന്നിവകളിൽ ജനകീയ കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രവർത്തിക്കുക.
2. ശുചിത്വ മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ വകുപ്പുകളുടേ യും ഏജൻസികളുടേയും പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഫലപ്രദമായി സമന്വയിപ്പിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ

പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക എന്ന സമീപനമായിരിക്കും ഹരിതകേരളം മിഷൻ സ്വീകരിക്കുക

3. ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലും കാർഷിക മേഖലയിലും ജലവിഭവ മേഖലയിലും പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സാങ്കേതിക പ്രാപ്തിയും സഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.
4. ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ മേഖലകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിടുന്ന സങ്കീർണ്ണമായ പശ്നങ്ങൾ പഠിച്ച് അനുയോജ്യ സാങ്കേതിക വിദ്യയുൾപ്പെടെയുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി അവ പരിഹരിക്കുക.
5. പ്രാഥമിക ഉത്പാദനം, ജലവിഭവം, ശുചിത്വ - മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ തയ്യാറാക്കുന്ന വിശദമായ പദ്ധതി രേഖകളുടെ സംയോജിതവും ഏകോപിതവുമായ നിർവ്വഹണം തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സാധ്യമാക്കുക.
6. ജലസ്രോതസ്സുകൾക്കുചുറ്റും കാർഷിക പ്രവർത്തനങ്ങളും തണ്ണീർത്തട വികസന പരിപാടികളും മറ്റ് ജലവിനിയോഗ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
7. കേരളത്തിൽ ലഭ്യമായിട്ടുള്ള സാങ്കേതിക വൈദഗ്ദ്ധ്യവും പ്രാദേശിക അറിവുകളും വികസന പ്രവർത്തനങ്ങളിൽ അനുയോജ്യമായി പരമാവധി ഉപയോഗപ്പെടുത്തുക.

## 4.4.3. ഹരിതകേരളം മിഷന് വിഷയമേഖലകളുടെ അടിസ്ഥാനത്തിൽ മൂന്ന് ഉപദൗത്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## (1) ഉപദൗത്യം 1: ശുചിത്വ-മാലിന്യസംസ്കരണം

### ലക്ഷ്യങ്ങൾ

1. പുതിയ നഗര ഖര-മാലിന്യസംസ്ക്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.
2. ഉത്തരവാദിത്ത മാലിന്യപരിപാലനരീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യപരിപാലനസംസ്കാരം സൃഷ്ടിക്കുക.
3. സങ്കീർണ്ണമായ മാലിന്യപരിപാലനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.
4. ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക

## പ്രവർത്തനങ്ങൾ

1. ഗാർഹിക/സ്ഥാപനങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ ഉല്പാദകന്റെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്ക്കരണം) അത് സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് / ബയോമെഥനേഷൻ രീതി ഉചിതമായ തലങ്ങളിലും (അയൽക്കൂട്ടം/ വാർഡ്/തദ്ദേശ ഭരണ സ്ഥാപനം) പ്രാവർത്തികമാക്കുന്നതാണ്.
2. അജൈവ മാലിന്യങ്ങൾ തദ്ദേശ ഭരണ സ്ഥാപനതലത്തിൽ തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുന:ചംക്രമണം ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുന്നതാണ്.
3. ദ്രവമാലിന്യ പരിപാലനത്തിന് അനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ ഉചിതമായ തലങ്ങളിൽ പ്രാവർത്തികമാക്കുന്നതാണ്.
4. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ വലിയ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പം തന്നെ നൂതന രീതിയിലുള്ള കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളും നടപ്പാക്കുന്നതാണ്.
5. മാലിന്യ സംസ്കരണത്തിന് ഓരോ വീട്ടിലും നിലവിൽ ഏത് രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയതിനുശേഷം ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാകുക എന്ന് കണ്ടെത്തുകയും ആ രീതിയിലേയ്ക്ക് മാറുന്നതിന് വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുന്നതാണ്.
6. ചന്തകൾ, അറവുശാലകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.
7. ജലസ്രോതസുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
8. ഉറവിട മാലിന്യ സംസ്കരണം വ്യാപകമാക്കുകയും അനുയോജ്യമായ മാലിന്യ സംസ്കരണ സങ്കേതങ്ങൾ ഉപയോഗിച്ച് മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി വീടുകളിൽ തന്നെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.
9. ബയോഗ്യാസ് സംവിധാനങ്ങളും തുമ്പൂർമുഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും, പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് ആവശ്യമുള്ള സംവിധാനങ്ങളും വിവിധ തലങ്ങളിൽ ഏർപ്പെടുത്തുന്നതാണ്.
10. മാലിന്യം കുറയ്ക്കുക (Reduce), വസ്തുക്കളുടെ പുനരുപയോഗം (Reuse) പ്രോത്സാഹിപ്പിക്കുക, പുന:ചംക്രമണം (Recycle) ഉറപ്പാക്കുക എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതാണ്.
11. അനുകൂലമായ മനോഭാവവും ശീലങ്ങളും രൂപീകരിക്കുന്നതിനും സുരക്ഷിത മാലിന്യ പരിപാലന സംസ്കാരം വളർത്തുന്നതിനും അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും കാമ്പയിനും സംഘടിപ്പിക്കുന്നതാണ്.

# (2) ഉപദൗത്യം 2 : ജലസംരക്ഷണം (ജലസമൃദ്ധി)

## ലക്ഷ്യങ്ങൾ

1. ജലസംരക്ഷണപ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും സംയോജിതനീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
2. പുതിയൊരു ജലസംരക്ഷണ-വിനിയോഗസംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക.
3. ജലസുരക്ഷയും പാരിസ്ഥിതികസുസ്ഥിരതയും ഭാവിതലമുറയ്ക്കു കൂടി ഉറപ്പാക്കുക.
4. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിരപരിപാലനവും ഉറപ്പാക്കുക.

## പ്രവർത്തനങ്ങൾ

1. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന-കുടിവെള്ള സോത്രസ്സുകളായി ഉപയോഗിക്കുക എന്ന സമീപനം സ്വീകരിക്കുന്നതാണ്. ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും, രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ മറ്റ് ജല സ്രോതസ്സുകൾ എന്നിവയുടെ ശുചീകരണവും ഏകോപനത്തോടെ പ്രാവർത്തികമാക്കുന്നതാണ്. കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരശേഖരം തയ്യാറാക്കി ലഭ്യമാക്കും.
2. കിണറുകളുടെ ശുചീകരണവും മഴവെള്ള റീ-ചാർജ്ജിംഗും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.
3. ക്വാറികൾ പോലെയുള്ള മനുഷ്യ പ്രവർത്തനങ്ങളായുണ്ടായ ജലസംഭരണകളിലെ ജലം ഭാവിയിലെ ഉപയോഗത്തിനായി ശുദ്ധിയാക്കി സൂക്ഷിക്കും.
4. ഭൂപ്രകൃതിയ്ക്കനുസൃതമായി അനുയോജ്യമായ സാങ്കേതിക വിദ്യ അവലംബിച്ച്, ഭൂജല പോഷണം വഴി പരമാവധി മഴവെള്ളം മണ്ണിലേയ്ക്കിറങ്ങാൻ വേണ്ടി നടപടികൾ (കുന്നിൽ മുകളിൽനിന്ന് താഴ്വാരത്തിലേയ്ക്ക് നീങ്ങുന്ന സമീപനം) സ്വീകരിക്കുന്നതാണ്.
5. വ്യവസായിക - ഗാർഹിക ഉപഭോഗത്തിൽ ദുർവ്യയം കുറച്ച് എല്ലാ ഘട്ടത്തിലും പരിശോധനയും ജല ഓഡിറ്റിംഗും ബഡ്ജറ്റിംഗും നടത്തുകയും പാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിലൂടെയും ജലം സംരക്ഷണിക്കുന്നതിന് ശ്രമിക്കുന്നതാണ്.
6. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലല

ഭൃത ഉറപ്പാക്കുന്നതിനും ജലസംരക്ഷണം സാധ്യമാക്കുന്നതിനും ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

7. ജലസംരക്ഷണം സാധ്യമാകുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സമന്വയം തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കുന്നതാണ്.

## (3) ഉപദൗത്യം 3 : ജൈവകൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം - സുജലം സുഫലം.

### ലക്ഷ്യങ്ങൾ

1. പച്ചക്കറിയിലും മറ്റ് അടിസ്ഥാനകൃഷി ഉല്പന്നങ്ങളിലും (പ്രത്യേകിച്ച് നെല്ല്, പഴവർഗങ്ങൾ) സ്വയം പര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.
2. ഗാർഹിക, സ്ഥാപന തലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ (Safe to eat) ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.
3. വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കു വേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.
4. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്ക്കരിക്കുക.
5. ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
6. സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.
7. ജലസ്രോതസ്സുകൾക്കുചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തന ങ്ങൾ ശക്തിപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

1. കൃഷിയെ മാത്രം ആശ്രയിച്ചുള്ള ഉപജീവന മാർഗ്ഗം സ്വീകരിക്കുന്ന കർഷ കർക്ക് തങ്ങളുടെ പുരയിടങ്ങളിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കി സാമ്പത്തിക ഭദ്രത നേടിക്കൊടുക്കാൻ ശ്രമിക്കുന്നതാണ്. ഇതിനായി കൃഷി, മൃഗ സംരക്ഷണം, കോഴി വളർത്തൽ, മത്സ്യ കൃഷി, തേനിച്ച കൃഷി തുടങ്ങിയ കാർഷിക അനുബന്ധ മേഖലകളെ പരസ്പര പൂരകങ്ങളായി ഏകോപിപ്പിച്ച് കൊണ്ട് സംയോജിത കൃഷി രീതി അവലംബിക്കുന്നതാണ്.
2. നെൽകൃഷിയുടെ വിസ്തൃതി നിലവിലുള്ള 2 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറായെങ്കിലും വർദ്ധിപ്പിക്കുന്നതാണ്.
3. ചെറുകിട-ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സജ്ജമാക്കി കേരള ത്തിന്റെ പ്രമുഖ വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, സുഗന്ധവ്യഞ്ജ നങ്ങൾ, റബ്ബർ, ചക്ക, തേൻ, എന്നിവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം, വിപണനം എന്നിവ സാധ്യമാക്കുന്നതാണ്.
4. യന്ത്രവൽക്കരണം എത്തിച്ചേരാത്ത മേഖലകളിൽ വ്യാപകമായി യന്ത്രവൽ ക്കരണം പ്രാവർത്തികമാക്കി ഉല്പാദനച്ചെലവ് കുറയ്ക്കുന്നതാണ്.
5. സ്വയം സഹായ സംഘങ്ങളുടേയും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ യും നേതൃത്വത്തിൽ തരിശു കിടക്കുന്ന കൃഷിയിടങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്.
6. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പദ്ധതികൾ ഫലപ്രദമായി സംയോജിപ്പിച്ച് ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന സമീപനമായിരിക്കും സ്വീ കരിക്കുക.
7. കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും ശക്തിപ്പെടുത്തുക.
8. സഹകരണ മേഖലയുമായി ബന്ധപ്പെടുത്തി ജൈവകൃഷിക്കുൾപ്പെടെ വായ് പാ സേവനങ്ങൾ മെച്ചപ്പെടുത്തുക, ഉല്പന്ന വിപണന സൗകര്യങ്ങൾ സം ഘടിപ്പിക്കുക.
9. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ ഭക്ഷ്യയോഗ്യത മെച്ചപ്പെടുത്തുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുക.

# 5. മിഷൻ ഘടന

## 5.1. സംസ്ഥാന മിഷനുകൾ

വികസന മിഷനുകളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ നാല് മിഷനുകൾ പ്രവർത്തിക്കുന്നതാണ്.

### 1) ലൈഫ് - സംസ്ഥാനമിഷൻ

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹ അദ്ധ്യക്ഷൻ | : | തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി |
| ഉപാദ്ധ്യക്ഷൻമാർ | : | ധനകാര്യം, റവന്യൂ-ഭവന നിർമ്മാണം, സാമൂഹ്യ നീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പട്ടിക ജാതി - പട്ടികവർഗ്ഗ വികസനം, ഫിഷറീസ് വകുപ്പ് മന്ത്രിമാരും സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനും (9 പേർ) |
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| മിഷൻ അംഗങ്ങൾ | | 1. ചീഫ് സെക്രട്ടറി<br>2. ധനകാര്യം, റവന്യൂ-ഭവനനിർമ്മാണം, സാമൂഹ്യ നീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പട്ടിക ജാതി/ പട്ടികവർഗവികസനം, ഫിഷറീസ്, വിവര- സാങ്കേതികം, ആസൂത്രണം വകുപ്പുകളുടെ അഡീഷണൽ ചിഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ (10)<br>3. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ മുതലായ സംഘടനകൾ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ (5)<br>4. സർക്കാരിന്റെ ഡെവലപ്പ്മെന്റ് അഡ്വൈസർ |
| മിഷൻ സെക്രട്ടറി | : | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി |

### 2) ആർദ്രം - സംസ്ഥാനമിഷൻ

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹ അദ്ധ്യക്ഷൻ | : | ആരോഗ്യ വകുപ്പ് മന്ത്രി |
| ഉപാദ്ധ്യക്ഷൻമാർ | : | ധനകാര്യം, തദ്ദേശ സ്വയംഭരണം, ഭക്ഷ്യ- സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിമാർ (3) |

| | | |
|---|---|---|
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| അംഗങ്ങൾ | : | 1. ചീഫ് സെക്രട്ടറി |
| | | 2. ഡോ. ബി. ഇക്ബാൽ, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്. |
| | | 3. ആസൂത്രണം, തദ്ദേശ സ്വയംഭരണം, ധനകാര്യം, സാമൂഹ്യ നീതി, വിവര സാങ്കേതിക വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ (5) |
| | | 4. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ മുതലായ സംഘടനകൾ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ (5) |
| | | 5. സർക്കാരിന്റെ ഡെവലപ്പ്മെന്റ് അഡ്വൈസർ |
| മിഷൻ സെക്രട്ടറി | : | ആരോഗ്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി |

## 3) പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം-സംസ്ഥാനമിഷൻ

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹ അദ്ധ്യക്ഷൻ | : | വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| ഉപ അദ്ധ്യക്ഷൻമാർ | : | ധനകാര്യം, തദ്ദേശ സ്വയംഭരണം, സാമൂഹ്യ നീതി വകുപ്പ് മന്ത്രിമാർ (3) |
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| അംഗങ്ങൾ | : | 1. ചീഫ് സെക്രട്ടറി |
| | | 2. ഡോ.കെ.എൻ.ഹരിലാൽ, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ് |
| | | 3. ആസൂത്രണം, തദ്ദേശ സ്വയംഭരണം, സാമൂഹ്യ നീതി, പട്ടികജാതി-പട്ടികവർഗ വികസനം, ഫിഷറീസ്, വിവരസാങ്കേതികം വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ (6) |
| | | 4. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ മുതലായ സംഘടനകൾ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ (5) |
| | | 5. സർക്കാരിന്റെ ഡെവലപ്പ്മെന്റ് അഡ്വൈസർ |
| മിഷൻ സെക്രട്ടറി | : | പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി |

## 4) ഹരിതകേരളം - സംസ്ഥാനമിഷൻ

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹ അദ്ധ്യക്ഷൻമാർ | : | തദ്ദേശ സ്വയംഭരണം, കൃഷി, ജലവിഭവം(3) |
| ഉപ അദ്ധ്യക്ഷൻമാർ | : | ധനകാര്യം, ആരോഗ്യം, വനംവകുപ്പ് മന്ത്രിമാരും, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനും (4) |
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| എക്സിക്യൂട്ടിവ് വൈസ് ചെയർപേഴ്സൺ | : | ഡോ.ടി.എൻ.സീമ, മുൻ എം.പി. |
| സാങ്കേതിക ഉപദേഷ്ടാവ് | : | ഡോ. അജയകുമാർ വർമ്മ |
| അംഗങ്ങൾ | : | 1. ചീഫ് സെക്രട്ടറി<br>2. തദ്ദേശ സ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ജലവിഭവം, വനം, ആരോഗ്യം, ടൂറിസം, വിദ്യാഭ്യാസം, വ്യവസായം, പരിസ്ഥിതി, വിവര- സാങ്കേതികം, ശാസ്ത്ര - സാങ്കേതികം വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ (12)<br>3. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ മുതലായ സംഘടനകൾ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ (5)<br>4. വൈസ് ചാൻസലർ, കേരള കാർഷിക സർവ്വകലാശാല<br>5. സർക്കാരിന്റെ ഡെവലപ്പ്മെന്റ് അഡ്വൈസർ |
| മിഷൻ സെക്രട്ടറി | : | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |

## 5.2. ജില്ലാ മിഷൻ

**5.2.1. സംസ്ഥാനതലത്തിൽ നാല് മിഷനുകൾ പ്രവർത്തിക്കുമെങ്കിലും ജില്ലാതലത്തിൽ നാല് വികസന മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ മാത്രമേ ഉണ്ടാകുകയുള്ളൂ.**

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി |
| അംഗങ്ങൾ | : | 1. ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ<br>2. രാജ്യസഭാ എം.പി.മാർ (നോഡൽ ജില്ലകളിൽ) |

3. മേയർ
4. ജില്ലയിൽ നിന്നുളള എം.എൽ.എ. മാർ
5. മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേമ്പർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ചെയർമാൻമാർ
6. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റെ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും
7. ഗ്രാമപഞ്ചായത്ത് ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും
8. ജില്ലാ പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
9. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി
10. ജില്ലാ പ്ളാനിംഗ് ഓഫീസർ
11. പ്രിൻസിപ്പൽ കൃഷി ഓഫീസർ
12. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
13. ജില്ലയിലെ സീനിയർഎഞ്ചിനീയർ, ജലസേചനം
14. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ
15. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
16. ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി)
17. ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്
18. ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ
19. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം
20. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം
21. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
22. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം
23. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
24. 4 മിഷനുകളുടേയും ജില്ലാ കോ-ഓർഡിനേറ്റർമാർ

മിഷൻ സെക്രട്ടറി & ചീഫ് കോ-ഓർഡിനേറ്റർ : ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി

## 5.3. മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷൻ

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ നാല് മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

അദ്ധ്യക്ഷൻ : മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ

അംഗങ്ങൾ :

1. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും
2. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ
3. സി.ഡി.എസുകളുടെ ചെയർപേഴ്സൺമാർ
4. വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും, വൈസ് ചെയർപേഴ്സൺമാരും, കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം - ശുചിത്വം, വിദ്യാഭ്യാസം)
5. ഐ.സി.ഡി.എസ് സൂപ്പർവൈസർ/അസിസ്റ്റന്റ് സി.ഡി.പി.ഒ/ സി.ഡി.പി.ഒ

മിഷൻ സെക്രട്ടറി : മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി

## 5.4. ബ്ലോക്ക് മിഷൻ

ബ്ലോക്ക്തലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്

അദ്ധ്യക്ഷൻ : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ :

1. ബ്ലോക്ക് പരിധിയിൽ നിന്നുള്ള എം.എൽ.എ.മാർ
2. ബ്ലോക്ക് പരിധിയിൽ നിന്നുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
3. ബ്ളോക്ക് പരിധിയിൽ നിന്നുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ
4. ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
5. ബ്ളോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ

മിഷൻ സെക്രട്ടറി : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

## 5.5. ഗ്രാമപ്പഞ്ചായത്തുതലമിഷൻ

ഗ്രാമ പഞ്ചായത്തുതലത്തിൽ നാല് മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

അദ്ധ്യക്ഷൻ : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ :

1. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ
2. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും
3. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ
4. സി.ഡി.എസുകളുടെ ചെയർപേഴ്സൺമാർ
5. വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും, വൈസ് ചെയർപേഴ്സൺമാരും, കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം - ശുചിത്വം, വിദ്യാഭ്യാസം)
6. ഐ.സി.ഡി.എസ് സൂപ്പർവൈസർ/അസിസ്റ്റന്റ് സി.ഡി.പി.ഒ/ സി.ഡി.പി.ഒ

മിഷൻ സെക്രട്ടറി : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

# 6. സഹായ സംവിധാനങ്ങൾ / കർമ്മ സേനകൾ

6.1. ലൈഫ് , ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണം എന്നീ മിഷനുകൾക്കും ഹരിതകേരളത്തിലെ ജല സംരക്ഷണം, കൃഷി വികസനം എന്നീ ഉപമിഷനുകൾക്കും സീനിയർ റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി സംസ്ഥാന തലത്തിൽ കോ-ഓർഡിനേറ്റർമാരായി നിയോഗിക്കുന്നതാണ്. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആയിരിക്കും ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷന്റെ സംസ്ഥാന കോ-ഓർഡിനേറ്റർ.

6.2. ജില്ലയിൽ ഒരു മിഷൻ മാത്രമേ ഉണ്ടാകുകയുള്ളൂവെങ്കിലും ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നിവയ്ക്ക് സീനിയർ റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയോഗിക്കുന്നതാണ്. ജില്ലാ കളക്ടർ ആയിരിക്കും ചീഫ് കോ-ഓർഡിനേറ്റർ.

6.3. വിവിധ തലങ്ങളിലെ മിഷനുകളെ സഹായിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണാ സഹായം നൽകുന്നതിനുമായി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ കർമ്മസേനകൾ പ്രവർത്തിക്കുന്നതാണ്.

## 6.3.1. ലൈഫ്

### 1) സംസ്ഥാനതല കർമ്മസേന

ചെയർപേഴ്സൺ : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

അംഗങ്ങൾ :

1. ഗ്രാമവികസന വകുപ്പ് കമ്മീഷണർ (കൺവീനർ)
2. പഞ്ചായത്ത് ഡയറക്ടർ
3. നഗരകാര്യ ഡയറക്ടർ
4. ഡയറക്ടർ, പട്ടികജാതി വികസനം
5. ഡയറക്ടർ , പട്ടിക വർഗ വികസനം.
6. ഡയറക്ടർ, സാമൂഹ്യനീതി
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8. ഡയറക്ടർ, ഫിഷറീസ്
9. ലേബർ കമ്മീഷണർ
10. ലാന്റ് റവന്യൂ കമ്മീഷണർ
11. മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി
12. കൺവീനർ, സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി
13. റീജിയണൽ ചീഫ്, ഹഡ്കോ

14. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
15. ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
16. കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം പ്രതിനിധി
17. കൺസൽട്ടന്റുമാർ/റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : സ്റ്റേറ്റ് മിഷൻ കോ-ഓർഡിനേറ്റർ, ലൈഫ്

## 2) ജില്ലാതല കർമ്മസേന

ചെയർപേഴ്സൺ : ജില്ലാ കളക്ടർ

അംഗങ്ങൾ :

1. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണം (കൺവീനർ)
2. ജില്ലാ പ്ലാനിംഗ് ഓഫീസർ
3. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
4. ഡെപ്യൂട്ടി കളക്ടർ (എൽ.എ.)
5. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്
7. ജില്ലാ പട്ടികജാതി വികസന ഓഫീസർ
8. പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫിസർമാർ
9. ജില്ലാ സാമൂഹ്യ നീതി ഓഫീസർ
10. പ്രോഗ്രാം ഓഫീസർ, സാമൂഹ്യ നീതി വകുപ്പ്
11. ജില്ലാ ഓഫീസർ, ഫിഷറീസ് വകുപ്പ്
12. ജില്ലാ ലേബർ ഓഫീസർ
13. ആർ.ഡി.ഒ മാർ/സബ് കളക്ടർമാർ
14. ജില്ലാ മെഡിക്കൽ ഓഫീസർ
15. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
16. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
17. ജില്ലയിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ കൾ എന്നിവകളുടെ പ്രതിനിധി
18. റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ജില്ലാ കോ-ഓർഡിനേറ്റർ, ലൈഫ്

### 3) തദ്ദേശഭരണ സ്ഥാപനതലങ്ങളിലെ കർമ്മസേനകൾ

വാർഷിക പദ്ധതി ആസൂത്രണത്തിന് വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട മേഖലാ വർക്കിംഗ് ഗ്രൂപ്പ് [ഗ്രാമ/ബ്ളോക്ക്/ജില്ലാപഞ്ചായത്തിൽ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പും നഗരസഭയിൽ പാർപ്പിട വർക്കിംഗ് ഗ്രൂപ്പും] ലൈഫ് മിഷന്റെ കർമ്മസേനയായി പ്രവർത്തിക്കേണ്ടതാണ്.

## 6.3.2. ആർദ്രം

### (1) സംസ്ഥാനതല കർമ്മസേന

ചെയർപേഴ്സൺ : അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ - കുടുംബക്ഷേമം

അംഗങ്ങൾ :
1. ഡയറക്ടർ, ആരോഗ്യം (കൺവീനർ)
2. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
3. ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
4. ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
5. ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം
6. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ
10. ചീഫ്, സാമൂഹ്യ സേവന വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
11. കൺസൾട്ടന്റുമാർ/റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : സ്റ്റേറ്റ് മിഷൻ കോ-ഓർഡിനേറ്റർ, ആർദ്രം

### 2) ജില്ലാ തല കർമ്മസേന

ചെയർപേഴ്സൺ : ജില്ലാ കളക്ടർ

അംഗങ്ങൾ :
1. ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) - കൺവീനർ
2. ജില്ലാ പ്ളാനിംഗ് ഓഫീസർ
3. ജില്ലാ മെഡിക്കൽ ഓഫിസർ (ഭാരതീയ ചികിത്സാ വകുപ്പ്)
4. ജില്ലാ മെഡിക്കൽ ഓഫീസർ,(ഹോമിയോ)
5. ജില്ലാ പ്രോഗ്രാം മാനേജർ, എൻ.എച്ച്.എം.
6. ജില്ലാ ആശുപത്രി സൂപ്രണ്ടുമാർ
7. റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ജില്ലാ കോ-ഓർഡിനേറ്റർ, ആർദ്രം

3) തദ്ദേശ ഭരണ സ്ഥാപനതലങ്ങളിലെ കർമ്മസേനകൾ വാർഷിക പദ്ധതി ആസൂത്രണത്തിന് വേണ്ടി ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കുന്ന ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പ് ആർദ്രം മിഷന്റെ കർമ്മസേനയായി പ്രവർത്തിക്കേണ്ടതാണ്. ആർദ്രം മിഷനു കീഴിൽ പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 6.3.3. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

### 1) സംസ്ഥാനതല കർമ്മസേന

ചെയർപേഴ്സൺ : സെക്രട്ടറി, പൊതു വിദ്യാഭ്യാസം

അംഗങ്ങൾ :
1. ഡയറക്ടർ, പൊതു വിദ്യാഭ്യാസം (കൺവീനർ)
2. ഡയറക്ടർ, ഹയർസെക്കന്ററി
3. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി
4. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
5. ഡയറക്ടർ, സീമാറ്റ്
6. ഡയറക്ടർ, എസ്.ഐ.ഇ.ടി
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി. @ സ്കൂൾ
8. പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ
9. പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എ.എസ്.എ.പി
11. പഞ്ചായത്ത് ഡയറക്ടർ
12. നഗരകാര്യ ഡയറക്ടർ
13. ചീഫ്, സാമൂഹ്യ സേവന വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
14. കൺസൾട്ടന്റുമാർ/റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : സ്റ്റേറ്റ് മിഷൻ കോ-ഓർഡിനേറ്റർ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

### 2) ജില്ലാതല കർമ്മസേന

ചെയർപേഴ്സൺ : ജില്ലാ കളക്ടർ

അംഗങ്ങൾ :
1. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം (കൺവീനർ)
2. ജില്ലാ പ്ളാനിംഗ് ഓഫീസർ
3. ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ.
4. ജില്ലാ പ്രോജക്ട് ഓഫീസർ, ആർ.എം.എസ്.എ
5. പ്രിൻസിപ്പൽ, ഡയറ്റ്

6. ജില്ലാ വിദ്യാഭ്യാസ ഓഫിസർമാർ
7. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി
8. റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി
9. കോ-ഓർഡിനേറ്റർ, ഐ.ടി @ സ്കൂൾ
10. എ.എസ്.എ.പി.യുടെ ജില്ലാതല പ്രോജക്ട് മാനേജർ
11. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് (ത.സ്വ.ഭ.വ)
12. റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ജില്ലാ കോ-ഓർഡിനേറ്റർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

### 3) തദ്ദേശ ഭരണ സ്ഥാപനതലങ്ങളിലെ കർമ്മസേനകൾ

വാർഷിക പദ്ധതി ആസൂത്രണത്തിന് വേണ്ടി ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കുന്ന വിദ്യാഭ്യാസ മേഖലാ വർക്കിംഗ് ഗ്രൂപ്പ് പൊതു വിദ്യാഭ്യാസ സംരക്ഷണ മിഷന്റെ കർമ്മസേനയായി പ്രവർത്തിക്കേണ്ടതാണ്.

## 6.3.4. ഹരിതകേരളം മിഷൻ

### (1) സംസ്ഥാനതല കർമ്മസേനകൾ

ഹരിതകേരളം മിഷനു കീഴിലുള്ള മൂന്ന് ഉപ ദൗത്യങ്ങൾക്കും പ്രത്യേകം കർമ്മ സേനകൾ ഉണ്ടായിരിക്കുന്നതാണ്.

### (a) ശുചിത്വ-മാലിന്യസംസ്ക്കരണം

ചെയർപേഴ്സൺ : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രത്യേക ക്ഷണിതാവ് : ഡോ. ടി.എൻ. സീമ, എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

അംഗങ്ങൾ :
1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിത കേരളം മിഷൻ
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
3. ഡയറക്ടർ, ആരോഗ്യ വകുപ്പ്
4. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
5. ഡയറക്ടർ, കൃഷിവകുപ്പ്

6. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
7. ഡയറക്ടർ, വ്യവസായ-വാണിജ്യ വകുപ്പ്
8. ഡയറക്ടർ, ഫിഷറീസ് വകുപ്പ്
9. ഡയറക്ടർ, ടൂറിസം
10. എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ളിയു.എസ്.എ.
11. മാനേജിംഗ് ഡയറക്ടർ, ക്ളീൻ കേരള കമ്പനി
12. ഗ്രാമവികസന കമ്മിഷണർ
13. പഞ്ചായത്ത് ഡയറക്ടർ
14. ഡയറക്ടർ, നഗരകാര്യ വകുപ്പ്
15. ചെയർമാൻ, മലിനീകരണ നിയന്ത്രണ ബോർഡ്
16. ചീഫ് എഞ്ചിനീയർ, ത.സ്വ.ഭ.വ
17. ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
18. കൺസൾട്ടന്റുമാർ/ റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ഉപമിഷൻ കോ-ഓർഡിനേറ്റർ-എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

## (b) മണ്ണ്-ജല സംരക്ഷണം

ചെയർപേഴ്സൺ : അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവം

പ്രത്യേക ക്ഷണിതാവ് : ഡോ. ടി.എൻ. സീമ, എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

അംഗങ്ങൾ :
1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിതകേരളം മിഷൻ
2. ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് (കൺവീനർ)
3. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
4. മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി & സോഷ്യൽ ഫോറസ്ട്രി)
5. ഡയറക്ടർ, കൃഷി വകുപ്പ്
6. ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
7. അഡീഷണൽ ഡയറക്ടർ, സോയിൽ കൺസർവേഷൻ
8. അഡീഷണൽ ഡയറക്ടർ, സോയിൽ സർവ്വേ

9. ലാൻഡ് യൂസ് കമ്മീഷണർ
10. മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി
11. ഡയറക്ടർ, ഭൂജല വകുപ്പ്
12. ഡയറക്ടർ, പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന വകുപ്പ്
13. ഡയറക്ടർ, സി.ഡബ്ളിയു.ആർ.ഡി.എം.
14. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്
15. ഹെഡ്, അക്കാദമി ഓഫ് ക്ലൈമറ്റ് ചേയ്ഞ്ച്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി
16. ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
17. കൺസൾട്ടന്റുമാർ/റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ഉപമിഷൻ കോ-ഓർഡിനേറ്റർ, ജലസമൃദ്ധി

## (c) കൃഷിവികസനം

ചെയർപേഴ്സൺ : പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്

പ്രത്യേക ക്ഷണിതാവ് : ഡോ. ടി.എൻ. സീമ, എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

അംഗങ്ങൾ :
1. സാങ്കേതിക ഉപദേഷ്ടാവ്, ഹരിത കേരളം മിഷൻ
2. ഡയറക്ടർ, കൃഷി വകുപ്പ് (കൺവീനർ)
3. ഡയറക്ടർ, മൃഗസംരക്ഷണം
4. ഡയറക്ടർ, ക്ഷീര വികസനം
5. ഡയറക്ടർ, ഫിഷറീസ്
6. ഡയറക്ടർ സോയിൽ കൺസർവേഷൻ & സോയിൽ സർവ്വേ
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
8. മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ
9. മാനേജിംഗ് ഡയറക്ടർ, വി.എഫ്.പി.സി.കെ.
10. മാനേജിംഗ് ഡയറക്ടർ, കെ.എൽ.ഡി.സി
11. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
12. ചീഫ് എഞ്ചിനിയർ, ജലസേചനം

13. സ്റ്റേറ്റ് നോഡൽ ഓഫീസർ, ആത്മ.
14. കാർഷിക സർവ്വകലാശാലയുടെ പ്രതിനിധി.
15. മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി & സോഷ്യൽ ഫോസ്ട്രി).
16. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
17. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
19. മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ
20. മാനേജിംഗ് ഡയറക്ടർ, കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
21. ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
22. കൺസൾട്ടന്റുമാർ/റിസോഴ്സ്പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ഉപമിഷൻ കോ-ഓർഡിനേറ്റർ, സുജലം സുഫലം

ഹരിതകേരളം മിഷനു കീഴിലുള്ള ഓരോ ഉപദൗത്യവുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങൾ, ഫണ്ട് അലോട്ട്മെന്റ്, മന്ത്രി തല തീരുമാനം ആവശ്യമായ മറ്റു വിഷയങ്ങൾ എന്നിവയെ സംബന്ധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, മിഷൻ സെക്രട്ടറി (അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്), വകുപ്പു സെക്രട്ടറി, ഉപമിഷൻ കോ-ഓർഡിനേറ്റർ, കർമ്മസേനയുടെ കൺവീനർ (വകുപ്പ് മേധാവി), സാങ്കേതിക ഉപദേഷ്ടാവ് (ഹരിതകേരളം മിഷൻ) എന്നിവരുടെ യോഗം മാസത്തിൽ ഒരു തവണയെങ്കിലും വിളിച്ചു ചേർക്കേണ്ടതാണ്. യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയാണ്.

ഹരിതകേരളം മിഷന്റെ സാങ്കേതിക ഉപദേഷ്ടാവ്, കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ, കോ-ഓർഡിനേറ്റർമാർ തുടങ്ങിയ അനൗദ്യോഗിക സാങ്കേതിക വിദഗ്ദ്ധർ മിഷൻ പ്രവർത്തന സംഗതികളിൽ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കണം പ്രവർത്തിക്കേണ്ടത്.

## (2) ജില്ലാ തല കർമ്മസേന

ഹരിതകേരളം മിഷന് സംസ്ഥാന തലത്തിൽ വിഷയമേഖലാടിസ്ഥാനത്തിൽ മൂന്ന് കർമ്മ സേനകൾ ഉണ്ടാകുമെങ്കിലും ജില്ലാ തലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു കർമ്മ സേന മാത്രമേ ഉണ്ടാകുക യുള്ളൂ. എന്നിരുന്നാലും വിഷയ മേഖലാടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീകരിക്കാവുന്നതാണ്.

ചെയർപേഴ്സൺ : ജില്ലാ കളക്ടർ

അംഗങ്ങൾ :
1. ജില്ലാ പ്ലാനിംഗ് ഓഫീസർ (കൺവീനർ)
2. പ്രിൻസിപ്പൽ കൃഷി ഓഫീസർ
3. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ
4. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ.
5. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം. ജി.എൻ.ആർ.ഇ.ജി.എസ്.
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചനം
7. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
8. പ്രോജക്ട് ഡയറക്ടർ, ആത്മ
9. കൃഷി വിജ്ഞാൻ കേന്ദ്രയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ
10. ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ
11. ജില്ലാ സോയിൽ സർവ്വേ ഓഫീസർ
12. ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്
13. എൻവയോൺമെന്റൽ എഞ്ചിനീയർ, മലനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസ്
14. എൻ.എസ്.എസ്, ജില്ലാ കോ-ഓർഡിനേറ്റർ.
15. ജില്ലാ നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്.
16. ഫാം ഫോറസ്ട്രിയുടെയും സോഷ്യൽ ഫോറസ്ട്രയുടെയും ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
17. ജില്ലാ കോ-ഓർഡിനേറ്റർ, സാക്ഷരതാ മിഷൻ
18. ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ, യുവജനക്ഷേമ ബോർഡ്
19. സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (2) (ജില്ലാ മിഷൻ ഗ്രൂപ്പ് നിശ്ചയിക്കേണ്ടതാണ്)
20. റിസോഴ്സ് പേഴ്സൺമാർ

ജോയിന്റ് കൺവീനർ : ജില്ലാ കോ-ഓർഡിനേറ്റർമാർ

## (3) തദ്ദേശഭരണസ്ഥാപനതലങ്ങളിലെ കർമ്മസേനകൾ

വാർഷിക പദ്ധതി ആസൂത്രണത്തിന് വേണ്ടി ഗ്രാമ, ബ്ളോക്ക് ജില്ലാ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കുന്ന കാർഷിക കാർഷികമേഖലാ വർക്കിംഗ് ഗ്രൂപ്പ്, കുടിവെള്ള മേഖലാ വർക്കിംഗ് ഗ്രൂപ്പ്, ശുചിത്വ മേഖലാ വർക്കിംഗ് ഗ്രൂപ്പ് എന്നിവ സംയുക്തമായി ഹരിത കേരളം മിഷന്റെ സംയോജിത കർമ്മസേനയായി പ്രവർത്തിക്കേണ്ടതാണ്.

6.4 വിവിധ തലങ്ങളിലെ കർമ്മസേനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മറ്റ് ഉദ്യോഗസ്ഥരുടെയോ ഏജൻസികളുടെ പ്രതിനിധികളുടെയോ സന്നദ്ധ സാങ്കേതിക വിദഗ്ധരുടെയോ സേവനം അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ കർമ്മസേനാ യോഗങ്ങളിൽ അവരെ ക്ഷണിതാവായി പങ്കെടുപ്പിക്കാവുന്നതും പ്രത്യേക ചുമതലകൾ നിശ്ചയിച്ച് നൽകാവുന്നതുമാണ്.

6.5 വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഫലപ്രദമായി ആവിഷ്കരിക്കുന്നതിനും പ്രാദേശിക പദ്ധതികളുമായുള്ള സംയോജനം ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിദഗ്ദ്ധരെയും ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ഉദാ:- എഞ്ചിനീയർ, റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ തുടങ്ങിയവരെ ഗ്രാമ പഞ്ചായത്തിലെ പാർപ്പിട മേഖലാ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തണം. അതുപോലെ ജലസേചന വകുപ്പിൽ നിന്നും സ.ഉ. (എം.എസ്) നമ്പർ 72/2016/ജലവിഭവം; തീയതി 5.12.2016 പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ചുമതല നിശ്ചയിച്ച് നൽകിയിട്ടുള്ള ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം അവയുടെ കാർഷിക മേഖലാ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.

6.6 സംസ്ഥാന തല കർമ്മ സേനകളിലെ അനൗദ്യോഗിക സാങ്കേതിക വിദഗ്ദ്ധർ, സ്റ്റേറ്റ് മിഷൻ/ ഉപമിഷൻ കോ-ഓർഡിനേറ്റർമാർ, കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരും ജില്ലാ തല കർമ്മ സേനകളിലെ റിസോഴ്സ് പേഴ്സൺമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരും മുഴുവൻ സമയ സേവന വ്യവസ്ഥയിൽ പ്രവർത്തിക്കേണ്ടതാണ്.

6.7 സംസ്ഥാന തല കർമ്മ സേനകളിലെ കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ, സ്റ്റേറ്റ് മിഷൻ/ ഉപമിഷൻ കോ-ഓർഡിനേറ്റർമാർ, ജില്ലാ തല കർമ്മസേനകളിലെ റിസോഴ്സ് പേഴ്സൺമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ മുതലായ ചുമതലകൾ നിറവേറ്റുന്നതിന് വിവിധ വകുപ്പുകളിൽ/ പൊതു മേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും അനുയോജ്യരായവരെ ഡെപ്യൂട്ടേഷൻ/ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലോ അതല്ലെങ്കിൽ യോഗ്യരായ സാങ്കേതിക വിദഗ്ദ്ധരെ കരാർ അടിസ്ഥാനത്തിലോ കണ്ടെത്തി നിയോഗിക്കുന്നതാണ്. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

6.8 കാര്യപ്രാപ്തി വികസനം, സാങ്കേതിക സഹായം

1. മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ചുമതല കില ഏറ്റെടുക്കേണ്ടതാണ്. കിലയുടെ പ്രവർത്ത

നമേഖലക്ക് പുറത്തുളള വിഷയങ്ങളിലെ പരിശീലനവും കാര്യപ്രാപ്തി വികസനവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ലഭ്യമാക്കുന്നതാണ്. പരിശീലനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതും അവ പ്രതീക്ഷിക്കുന്ന ഗുണഫലങ്ങൾ നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. നവകേരളം കർമ്മ പദ്ധതിയിലെ വികസന മിഷനുകളുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, കൂടിയാലോചനാ യോഗങ്ങൾ എന്നിവയ്ക്ക് ആവശ്യമായ പിന്തുണാ സഹായം ഐ.എം.ജി. ലഭ്യമാക്കുന്നതാണ്. ഐ.എം.ജി യുടെ പ്രവർത്തനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഇതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

3. വികസന മിഷനുകൾക്ക് വേണ്ട സാങ്കേതിക സഹായം, മിഷനുകൾ ആവശ്യപ്പെടുകയാണെങ്കിലോ എംപവേർഡ് കമ്മിറ്റി നിർദ്ദേശിക്കുകയാണെങ്കിലോ ഐ.എം.ജി. ഏർപ്പാടാക്കുന്നതാണ്. ഈ പ്രവർത്തനത്തിന് ഐ.എം.ജിയ്ക്ക് ആവശ്യമായ ശേഷി വർദ്ധനവ് ഉണ്ടാക്കേണ്ടതാണ്.

4. വികസന മിഷനുകളിൽ ഉൾപ്പെടുന്ന വിവിധ വകുപ്പുകളുടെ പരിശീലന സൗകര്യങ്ങൾ, കാര്യപ്രാപ്തി വികസന ഏജൻസികൾ എന്നിവയുടെ സംവിധാനങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്.

# 7. ചുമതലകളും ഉത്തരവാദിത്വങ്ങളും

## 7.1. സംസ്ഥാന മിഷനുകളുടെ ചുമതലകൾ

1. മിഷൻ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും സുഗമമായ പ്രവർത്തനത്തിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
2. വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഉദ്യോഗസ്ഥരുടേയും ഏകോപനം ഉറപ്പാക്കുക
3. സംസ്ഥാനതല കർമ്മസേന തയ്യാറാക്കുന്ന മിഷൻ ഡോക്യുമെന്റ് പരിശോധിച്ച് അംഗീകാരം നൽകുക
4. സാമൂഹ്യ പ്രതിബന്ധതാ ഫണ്ട് ഉൾപ്പെടെ അധിക വിഭവ സമാഹരണത്തിനുള്ള സാധ്യതകൾ കണ്ടെത്തുക.
5. മേൽനോട്ട - നിരീക്ഷണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക
6. അംഗീകൃത കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുക
7. മിഷൻ പ്രവർത്തനങ്ങൾക്ക് മികച്ച ആസൂത്രണ നിർവ്വഹണ സഹായം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക

മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുവാൻ വേണ്ടി മിഷന്റെ പ്രവർത്തന ഘടകങ്ങൾ, സംഘടനാ സംവിധാനങ്ങൾ എന്നിവയിൽ ക്രിയാത്മകമായ ഇടപെടലുകൾക്ക് മൂർത്തമായ രൂപം നൽകുകയും അവയ്ക്ക് അംഗീകാരം വാങ്ങി നടപ്പാക്കുകയും ചെയ്യുക.

## 7.2. സംസ്ഥാനതല കർമ്മസേനകളുടെ ചുമതലകൾ

### 7.2.1. പൊതുചുമതലകൾ

1. മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക, പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക, സാങ്കേതിക സഹായം നൽകുക മുതലായവ
2. ദൗത്യരേഖ (Mission Document ) തയ്യാറാക്കുക
3. സംസ്ഥാന മിഷന്റെ മേൽനോട്ടത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
4. വിവിധ തലങ്ങളിലുള്ള മിഷൻ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിച്ച് സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട നടപടികൾ സ്വീകരിക്കുക
5. മിഷൻ പ്രവർത്തനങ്ങൾക്ക് നിയോഗിക്കേണ്ടതായ സാങ്കേതിക വിദഗ്ദ്ധർ, കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരെ കണ്ടെത്തി നിയോഗിക്കുന്നതിനുള്ള ശുപാർശ നൽകുക (ഇപ്രകാരം നിയോഗിക്കുന്നതിന് എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്).

6. ജില്ലാതല കർമ്മസേനകളുടെയും റിസോഴ്സ് പേഴ്സൺമാരുടെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക, അവയെ ശാക്തീകരിക്കുക.
7. കൃത്യമായ ഇടവേളകളിൽ സംസ്ഥാന മിഷൻ യോഗങ്ങൾ ചേരുന്നതിന് നടപടി സ്വീകരിക്കുക.
8. സംസ്ഥാന മിഷന്റെ/എംപവേർഡ് കമ്മിറ്റിയുടെ/സർക്കാരിന്റെ അനുമതി ആവശ്യമായ സംഗതികളിൽ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുക.
9. മിഷൻ പ്രവർത്തനങ്ങൾ പൂർണ്ണമായി ഡോക്യുമെന്റേഷൻ നടത്തുക, ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.
10. ഗവേഷണ-വികസന, പ്രൊഫഷണൽ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുക.
11. സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള വിദഗ്ദ്ധരുടെ സംഘത്തെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കണ്ടെത്തി ചുമതല നിറവേറ്റുന്നതിന് പ്രാപ്തരാക്കുക.
12. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുമായി അനുയോജ്യമായ സമന്വയവും ഏകോപനവും സാധ്യമാക്കുക.
13. മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പു കാര്യങ്ങളെക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും സംസ്ഥാന മിഷനും എംപവേർഡ് കമ്മിറ്റിക്കും മിഷൻ മോണിറ്ററിംഗ് ടീമിനും സമർപ്പിക്കുക

### 7.2.2. പ്രത്യേക ചുമതലകൾ (Mission Specific Responsibilities)

#### എ) ലൈഫ്

1. സെക്ഷൻ 4.1.1-ൽ വ്യക്തമാക്കിയിട്ടുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ട നടപടികളെടുക്കുക.
2. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുക
3. ഭൂമി ലഭ്യത ഉറപ്പ് വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക
4. നൂതനവും അനുയോജ്യവുമായ നിർമ്മാണ സങ്കേതങ്ങൾ നിർദ്ദേശിക്കുക
5. സാമൂഹ്യപ്രതിബദ്ധതാ ഫണ്ട്, പൊതുജനങ്ങളുടെ സംഭാവന എന്നിങ്ങനെ വിഭവ സമാഹരണം ഉറപ്പാക്കുക
6. നിർമ്മാണ മേഖലയിലെ വിവിധ സ്ഥാപനങ്ങളുടെ സഹകരണം ലഭ്യമാക്കുക.
7. വീടിന്റെ കൈമാറ്റം, കെട്ടിടസമുച്ചയത്തിലെ വീടുകൾ പ്രതിമാസ വിഹിതം ഈടാക്കി ഗുണഭോക്താവിന് കൈമാറൽ തുടങ്ങിയവയ്ക്ക് മാർഗ്ഗരേഖ തയ്യാറാക്കുക
8. വിവിധ ഡിസൈനുകൾ, എസ്റ്റിമേറ്റ് എന്നിവ വിലയിരുത്തി ഉചിതമായ ഡിസൈനുകൾ നിർദ്ദേശിക്കുക
9. അനുബന്ധ സേവനങ്ങൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുക

## ബി) ആർദ്രം

1. സെക്ഷൻ 4.2.1 ൽ വ്യക്തമാക്കിയിട്ടുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ട നടപടികൾ എടുക്കുക.
2. നിലവാരം ഉയർത്തേണ്ട ആരോഗ്യ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുക
3. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രത്യേക നടപടികൾ എടുക്കുക.
4. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന മരുന്നു ലഭ്യത ഉറപ്പാക്കുന്നതിന് സംവിധാനം ആവിഷ്കരിക്കുക
5. ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക.
6. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾക്കും സേവനങ്ങൾക്കും നിലവാരം നിശ്ചയിക്കുക.
7. ആയൂർവേദ ചികിത്സ രീതികളും പാരമ്പര്യ ചികിത്സ മേഖലകളും ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.
8. രോഗികൾക്ക് ചികിത്സാ മാർഗ്ഗ രേഖ തയ്യാറാക്കുക
9. നിർവ്വഹണ രീതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുക.

## സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

1. സെക്ഷൻ 4.3.1-ൽ വ്യക്തമാക്കിയിട്ടുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ട നടപടികളെടുക്കുക.
2. പുനരുജ്ജീവിപ്പിക്കേണ്ട വിദ്യാലയങ്ങളെ മാനദണ്ഡങ്ങളുടെ പിൻബലത്തിൽ തെരഞ്ഞെടുത്ത് അവയുടെ സാമൂഹിക പ്രസക്തി വർദ്ധിപ്പിച്ച് മികവിന്റെ കേന്ദ്രങ്ങളായി ലോകോത്തര മാതൃകയിൽ വികസിപ്പിക്കുന്നതിന് ഗുണമേന്മയും സ്ഥലകാല പ്രസക്തിയുള്ളവയുമായ വിദ്യാലയ വികസന രേഖ തയ്യാറാക്കുന്നതും അവ നടപ്പാക്കുന്നതുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷണം നടത്തുകയും ചെയ്യുക.
3. സ്കൂൾ വളപ്പുകൾ വിദ്യാർത്ഥി സൗഹൃദമാക്കി ആവശ്യത്തിന് കെട്ടിടങ്ങളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഉറപ്പാക്കുന്ന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനും അംഗീകാരത്തിനുമുള്ള പൊതുമാർഗ്ഗരേഖ തയ്യാറാക്കി അവതരിപ്പിക്കുക.
4. വ്യത്യസ്ത സാമൂഹിക സാമ്പത്തിക സാംസ്കാരിക പശ്ചാത്തലത്തിൽ നിന്ന് വരുന്ന കുട്ടികളുടെ പഠന വേഗതയ്ക്കും ബൗദ്ധിക നിലവാരത്തിനും ഉതകുന്ന തരത്തിൽ കുട്ടികളെ ഏവരേയും ഉൾപ്പെടുത്തിക്കൊണ്ടും അവർക്കെല്ലാം ഇടം ലഭിക്കുന്ന രീതിയിലും ഒരു യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗ് എന്നറിയപ്പെടുന്ന പഠന രീതി രൂപകൽപ്പന ചെയ്ത് നടപ്പാക്കുക.
5. ഒന്ന് മുതൽ എട്ട് വരെ ക്ളാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും 9 മുതൽ 12 വരെയുള്ള ക്ളാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും പ്രത്യേകം പ്രത്യേകം പാഠ്യലക്ഷ്യങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കുട്ടികൾക്ക് പഠന വിഷയങ്ങളിലെ ആശയ ദൃഢത പാഠ്യേതര വിഷയങ്ങളിലെ വൈവിധ്യവും ആർജ്ജവും, സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം, ഭാഷാ ജ്ഞാനം, ആശയ വിനിമയ നൈപുണി തുടങ്ങിയവയെല്ലാം സംയോജിപ്പിച്ച് കുട്ടികളുടെ സമഗ്ര വി

കസനം ഉറപ്പാക്കുന്ന പ്രക്രിയാധിഷ്ഠിതമായ ജനകീയ വിദ്യാഭ്യാസ മാതൃക എന്ന അധ്യാപന രീതി രൂപ കൽപന ചെയ്ത് നടപ്പിലാക്കുക.

6. മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ മാറ്റുന്നതിന് ആവശ്യമായ ഐ ടി അധിഷ്ഠിത സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഓരോ കുട്ടിക്കും കണ്ടും കേട്ടും പ്രവർത്തനങ്ങളിലേർപ്പെട്ടും പഠിക്കുന്നതിനുള്ള പഠനബോധനരീതികളും പഠനോപാധികളും ഇന്റർനെറ്റ് കണക്ടിവിറ്റി, ആവശ്യമായ വിവരസാങ്കേതികവിദ്യാ സങ്കേതങ്ങൾ എന്നിവയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുക.

7. ഒരു വിദ്യാലയത്തിനകത്ത് പ്രവർത്തിക്കുന്ന എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളുടെ ഏകോപിതമായ പ്രവർത്തനത്തിലൂടെ വിദ്യാലയ മികവിനുള്ള നടപടികൾ നിർദ്ദേശിക്കുക. ഓരോ തലത്തിലും തനതായി വേണ്ടുന്ന ആവശ്യങ്ങൾ അനുസരിച്ചായിരിക്കണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. ഉയർന്ന തലത്തിൽ മാത്രം അഡ്മിഷൻ നടത്തുന്ന സ്കൂളുകളിൽ സമീപത്തുള്ള ഫീഡർ സ്കൂളുകളേയും പരിഗണിക്കേണ്ടതാണ്.

8. സ്കൂൾതല പ്രവർത്തനങ്ങളുടെ ദിശാഗതി നിയന്ത്രണത്തിനും ആവശ്യമായ ഇടപെടലുകൾക്കുമുള്ള ഉദ്യോഗസ്ഥ സംവിധാനം വിന്യസിക്കുക.

9. എയ്ഡഡ് സ്കൂളുകളുടെ വികസനത്തിന് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, പി ടി എ, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കുക.

10. സർക്കാർ വിദ്യാലയങ്ങളുടെ വിഭവ സമാഹരണത്തിനും വിദ്യാലയത്തിലെ ഭൗതിക-അക്കാദമിക വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിനും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, പി ടി എ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണം തേടുന്നതിനുള്ള നടപടികൾ എടുക്കുക.

11. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലും ഏജൻസികളുടെയും വിവിധതലങ്ങളിൽ പണിയെടുക്കുന്നവർക്ക് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും സംബന്ധിച്ച പൂർണ്ണമായ അവബോധം സൃഷ്ടിക്കുക.

12. വിവിധ സ്ഥാപനങ്ങളുടെ ഏകോപിതമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള ഭരണപരമായ സംവിധാനമുണ്ടാക്കുക.

13. മിഷന്റെ സംസ്ഥാനതലം മുതൽ സ്കൂൾതലം വരെയുള്ള പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിനും നടത്തിപ്പിനുമുള്ള ലേണിംഗ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിൽ വരുത്തുക.

## ഡി) ഹരിതകേരളം

1. സെക്ഷൻ 4.4.1-ൽ വ്യക്തമാക്കിയിട്ടുള്ള ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ട നടപടികളെടുക്കുക.

2. പാരിസ്ഥിതിക പുന:സ്ഥാപനത്തിനും ഉത്പാദന ക്ഷമതാ വർദ്ധനക്കും നൂതന മേഖലാ വികസനത്തിനും അനുയോജ്യമായ വിവിധ തല പദ്ധതികൾക്കുള്ള പഠന ആസൂത്രണ പ്രവർത്തനങ്ങളും പദ്ധതി രേഖ തയ്യാറാക്കുന്നതിനും സാ

മ്പത്തിക സഹായവും ഉന്നത ഗുണനിലവാരവുമുള്ള സാങ്കേതിക സഹായവും ലഭ്യമാക്കുക.

3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളുടെ സാങ്കേതിക തർക്കങ്ങൾ തീർപ്പാക്കുന്നതിന് സഹായിക്കുക
4. പദ്ധതികൾക്ക് പ്രത്യേക സാങ്കേതിക സഹായം ആവശ്യമെങ്കിൽ അത് ലഭ്യമാക്കുക
5. നൂതനവും അനുയോജ്യവുമായ സാങ്കേതിക വിദ്യകളുടെ പ്രയോഗം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ സാധ്യമാക്കുക.
6. മൂന്ന് ഉപമിഷനുകളുടെയും കർമ്മസേനാ പ്രവർത്തനങ്ങളിലെ ഏകോപന സാധ്യതകൾ വിലയിരുത്തി സംയോജനവും ഏകോപിത പ്രവർത്തനവും ഉറപ്പാക്കുക

## 7.3. ജില്ലാ മിഷനുകളുടെ ചുമതലകൾ

1. മിഷൻ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുകയും സുഗമമായ പ്രവർത്തനത്തിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക
2. ഉദ്യോഗസ്ഥരുടെയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപനം ഉറപ്പാക്കുക
3. ജില്ലാ ദൗത്യ രേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുക
4. നിലവാരം ഉയർത്തേണ്ട വിദ്യാലയങ്ങളെയും ആശുപത്രികളെയും നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുക
5. അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക

## 7.4. ജില്ലാതല കർമ്മ സേനകളുടെ ചുമതലകൾ

### 1) പൊതു ചുമതലകൾ

1. ജില്ലാ മിഷന്റെ മേൽനോട്ടത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക
2. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ക്രോഡീകരിച്ച് ജില്ലാ ദൗത്യരേഖ തയ്യാറാക്കുക
3. ജില്ലയിലെ മിഷൻ പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം ചെയ്ത് സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട നടപടി സ്വീകരിക്കുക
4. സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള വിദഗ്ദ്ധരുടെ ജില്ലാ തല സംഘത്തെ കണ്ടെത്തി ചുമതല നിറവേറ്റുന്നതിന് പ്രാപ്തരാക്കുക.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം ആവശ്യമായി വരുന്ന സന്ദർഭത്തിൽ വിദഗ്ദ്ധരുടെ സംഘത്തിൽ നിന്നോ ഗവേഷണ വി

കസന, പ്രൊഫഷണൽ സ്ഥാപനങ്ങളിൽ നിന്നോ അനുയോജ്യരായവരുടെ സേവനം യഥാസമയം ലഭ്യമാക്കുക.

6. ജില്ലാമിഷന്റെ ജില്ലാആസൂത്രണ സമിതിയുടെ/ജില്ലാകളക്ടറുടെ ഇടപെടൽ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുക.
7. സംസ്ഥാനതലത്തിൽ തീരുമാനം ആവശ്യമായ സംഗതികളിൽ അതിനുവേണ്ട പ്രോപ്പോസൽ തയ്യാറാക്കി സമർപ്പിക്കുക.
8. മിഷൻ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് പൂർണ്ണമായി ഡോക്യുമെന്റ് ചെയ്യുക, തദ്ദേശ സ്വയം ഭരണ സ്ഥാപനതലങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.
9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടേയും റിസോഴ്സ്പേഴ്സൺമാരുടെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക, അവയെ ശാക്തീകരിക്കുക.
10. മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പ് കാര്യങ്ങളെക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും ജില്ലാ മിഷനും ജില്ലാ ആസൂത്രണസമിതിക്കും സംസ്ഥാനതല കർമ്മസേനക്കും മിഷൻ മോണിറ്ററിംഗ് ടീമിനും സമർപ്പിക്കുക.

## 2) പ്രത്യേക ചുമതലകൾ (Mission Specific Responsibilities)

### എ) ലൈഫ്

1. സൗജന്യമായി ഭൂമി ലഭിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളും സർക്കാർ ഭൂമിയും കണ്ടെത്തി വീട് നിർമ്മാണത്തിന് ലഭ്യമാക്കുക.
2. സമയബന്ധിതമായി വീട് നിർമ്മാണം പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
3. മേൽനോട്ട സംവിധാനം ഏർപ്പെടുത്തുക, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.

### ബി) ആർദ്രം

1. ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികൾ ജില്ലാ മിഷന്റെ അംഗീകാരത്തോടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുക.
2. തെരഞ്ഞെടുത്ത ആശുപത്രികളുടെ സ്ഥലസൗകര്യം പരിശോധിക്കുകയും ആവശ്യമായ മുന്നൊരുക്കങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

### സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

1. നിലവിൽ തകർച്ച നേരിടുന്ന, നിലവാരം ഉയർത്തേണ്ട പൊതു വിദ്യാലയങ്ങൾ ജില്ലാ മിഷന്റെ അംഗീകാരത്തോടെ മുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തുക -കുട്ടികൾ കൂടുതലുള്ളതും പഴയ കെട്ടിടങ്ങളും ക്ളാസ്സ് മുറികളുമുള്ള സ്കൂളുകൾക്ക് മുൻഗണന നൽകേണ്ടതാണ്.

### ഡി) ഹരിത കേരളം

1. ജില്ലാ തല കർമ്മ സേനയുടെ ഉപ സമിതികൾ (കൃഷി, ജലവിഭവം, ശുചിത്വ -മാലിന്യ സംസ്കരണം) രൂപീകരിക്കുന്നതിനുള്ള ശുപാർശ നൽകുക, ഉപ സമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക
2. കൃഷി, ജലവിഭവം, ശുചിത്വ- മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ സംസ്ഥാന തല കർമ്മ സേനയുടെ നേതൃത്വത്തിൽ പഠന ആസൂത്രണ പദ്ധതി രൂപീകരണ സഹായം ആവശ്യമെങ്കിൽ അതിനുള്ള ശുപാർശ നൽകുക.

(കർമ്മസേനയുടെ ചുമതലകൾ കാര്യക്ഷമമായും സമയബന്ധിതമായും നിറവേറ്റുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കുക എന്നതാണ് ജില്ലാ കോ-ഓർഡിനേറ്ററുടെ പ്രധാന ചുമതല)

## 7.5. ബ്ളോക്ക്തല മിഷന്റെ ചുമതലകൾ

1. ബ്ളോക്ക് തലത്തിൽ ഏകോപന/സംയോജന സാധ്യതകൾ ഉറപ്പാക്കുന്നതിന് വേണ്ടി രൂപീകരിക്കുന്ന റിസോഴ്സ് ടീമിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
2. ബ്ളോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് സ്ഥാപനതല പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക
3. ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ സംയോജിപ്പിച്ചു നടത്തേണ്ട സംസ്ഥാനതല പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും സംബന്ധിച്ച മാർഗ്ഗരേഖ, നിർവ്വഹണ നിബന്ധനകൾ എന്നിവ തയ്യാറാക്കി പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും സംയോജനം ഉറപ്പാക്കുക.
4. മിഷൻ പ്രവർത്തനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടേയും, വാർഷിക പദ്ധതിയുടേയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ ബ്ളോക്ക് പഞ്ചായത്ത് ഭരണ സമിതിക്ക് നൽകുക.

## 7.6. ഗ്രാമ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷന്റെ ചുമതലകൾ

1. ഗ്രാമ പഞ്ചായത്ത്/ നഗരസഭാ പ്രദേശത്തിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
2. വിവിധ വകുപ്പുകളുടേയും ഉദ്യോഗസ്ഥരുടേയും ഏജൻസികളുടേയും സന്നദ്ധ പ്രവർത്തകരുടേയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
3. മിഷൻ പ്രവർത്തനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടേയും, വാർഷിക പദ്ധതിയുടേയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ ഭരണ സമിതിക്ക് നൽകുക.
4. മിഷൻ പ്രവർത്തനങ്ങൾ വർദ്ധിച്ച ജന പങ്കാളിത്തത്തോടെ ഏറ്റെടുക്കുന്നതിനും സാമൂഹ്യ - മത സംഘടനകൾ, പ്രവാസികൾ തുടങ്ങി സമസ്ത ജന

വിഭാഗങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾക്ക് രൂപം നൽകുക.

5. അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക

## 7.7. ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും കർമ്മസേനകളുടെ ചുമതലകൾ

1. വിവര ശേഖരണത്തിന് വേണ്ട സാങ്കേതിക സഹായം നൽകുക.
2. മിഷനുകളുടെ ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ (Targets) വ്യക്തമായി നിർണ്ണയിക്കുക.
3. ഗ്രാമപഞ്ചായത്ത് പ്രദേശത്തിനും നഗരസഭാ പ്രദേശത്തിനും വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുക (ഗ്രാമ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും വർക്കിംഗ് ഗ്രൂപ്പുകളാണ് ഈ ചുമതല നിറവേറ്റേണ്ടത്).
4. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്കും സ്കൂളുകൾക്കും സ്ഥാപനതല പദ്ധതി തയ്യാറാക്കി അവയെ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ക്രോഡീകരിക്കുക.
5. സംയോജിത പദ്ധതിയെ അടിസ്ഥാനമാക്കിയുള്ള പ്രോജക്ടുകൾ അതത് തലങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടേയും വാർഷിക പദ്ധതിയുടേയും ഭാഗമാക്കുന്നതിനുള്ള ശുപാർശ നൽകുക.
6. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സാങ്കേതിക സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ജില്ലാ തല കർമ്മസേന മുഖേന സേവനം ലഭ്യമാക്കുക.
7. മിഷന്റെ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഇടപെടൽ ആവശ്യമായി വരുന്ന വിഷയത്തിൽ പരിഹാരനിർദ്ദേശങ്ങൾ ബന്ധപ്പെട്ട സമിതികളുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.
8. ജില്ലാ/സംസ്ഥാനതലങ്ങളിൽ തീരുമാനം ആവശ്യമായി വരുന്ന സംഗതികളിൽ അതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപനം മുഖേന സമർപ്പിക്കുക.
9. മിഷൻ പ്രവർത്തനങ്ങൾ പൂർണ്ണമായി ഡോക്യുമെന്റ് ചെയ്യുക.
10. മിഷൻ സംബന്ധമായ വിവരങ്ങൾ യഥാസമയം ഭരണസമിതിക്ക് റിപ്പോർട്ട് ചെയ്യുക
11. മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പു കാര്യങ്ങളെക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും ജില്ലാതല കർമ്മ സേനക്കും ജില്ലാ ആസൂത്രണ സമിതിക്കും സമർപ്പിക്കുക.

## 7.8. സംസ്ഥാന മിഷൻ/ഉപമിഷൻ കോ-ഓർഡിനേറ്റർമാരുടെ ചുമതലകൾ

1. കർമ്മസേനകളുടെ ചുമതലകൾ കാര്യക്ഷമമായും സമയബന്ധിതമായും നിറവേറ്റുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കുക.

2. കർമ്മസേനാ അംഗങ്ങൾക്ക് ചുമതലകൾ വിഭജിച്ച് നൽകുക, അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
3. മിഷൻ ഗ്രൂപ്പിലും എംപവേർഡ് കമ്മിറ്റിയിലും തീരുമാനമെടുക്കേണ്ട വിഷയങ്ങൾക്ക് വിശദമായ പ്രൊപ്പോസലുകൾ കർമ്മസേനയുടെ സഹായത്തോടെ തയ്യാറാക്കി സമർപ്പിക്കുക.
4. ജില്ലാതല കർമ്മസേനകളുമായി നിരന്തരം സമ്പർക്കം പുലർത്തി അവയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ട ഇടപെടൽ നടത്തുക.

## 7.9. ജില്ലാകളക്ടർമാരുടെ ചുമതലകൾ

ജില്ലയിലെ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് ജില്ലാകളക്ടർ ആയിരിക്കും മിഷനുകളുടെ ചീഫ് കോ-ഓർഡിനേറ്റർ. സബ്കളക്ടർമാർക്ക് വികസന കാര്യങ്ങളിൽ പ്രയോഗിക പരിജ്ഞാനം ലഭിക്കേണ്ടതുള്ളതുകൊണ്ട് മിഷൻ പ്രവർത്തനങ്ങളിൽ അവരെ പങ്കെടുപ്പിക്കേണ്ടതും അവർക്ക് ചുമതലകൾ വിഭജിച്ച് നൽക്കേണ്ടതുമാണ്. ജില്ലാകളക്ടർമാരുടെ പ്രധാന ചുമതലകളും ഉത്തരവാദിത്തങ്ങളും ചുവടെ ചേർക്കുന്നു.

1. മിഷൻ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും നിരന്തര സമ്പർക്കത്തിലൂടെ തദ്ദേശഭരണ സ്ഥാപനതലത്തിൽ മിഷൻപ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക.
2. ആസൂത്രണ, നിർവഹണ പ്രക്രിയകളിൽ ഗുണമേന്മ ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രൊഫഷണൽ സഹായം ഉറപ്പാക്കുക.
3. 'ഉന്നത് ഭാരത് അഭിയാൻ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഉന്നത വിദ്യാഭ്യാസ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ സഹായം വികസന പ്രവർത്തനങ്ങൾക്ക് പഠനപ്രക്രിയയുടെ ഭാഗമായി ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുന്ന സമ്പ്രദായം പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
4. ജില്ലാ ദൗത്യരേഖ തയ്യാറാക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കുക
5. ജില്ലാ ദൗത്യരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക
6. മാനവ-ധനകാര്യ വിഭവങ്ങളുടെ സമന്വയം ഉറപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക
7. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക
8. വിദഗ്ദ്ധരെ കണ്ടെത്തി റിസോഴ്സ് ടീം രൂപീകരിക്കുക.
9. മിഷൻ പ്രവർത്തനങ്ങൾക്ക് വ്യാപക പ്രചാരം നൽകുക
10. സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ പ്രാദേശിക വിഭവസമാഹരണം സാധ്യമാക്കുന്നതിന് വേണ്ട ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുക
11. വികസന ആശയങ്ങളെ നിസാരവത്കരിക്കുന്ന പ്രവണതയും നടപടി ക്രമങ്ങൾ ചടങ്ങുപോലെ പൂർത്തിയാക്കുന്ന രീതിയും പ്രവർത്തനങ്ങളുടെ നിയന്ത്രണം

കൈക്കലാക്കുന്ന രീതിയും ഒഴിവാക്കി എല്ലാ സംവിധാനങ്ങളും ഉദ്യോഗസ്ഥരും ആത്മാർത്ഥതയോടെയും പക്ഷഭേദമില്ലാതെയും ആണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുക.

12. നൂതന രീതികളും ആശയങ്ങളും കണ്ടെത്തുക, പ്രദേശിക മാതൃകകൾ വികസിപ്പിക്കുക.
13. ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
14. ലൈഫ് മിഷന്റെ ഭാഗമായി സ്ഥലമില്ലാത്തവർക്ക് വീടുവെച്ച് നൽക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തേണ്ട ഉത്തരവാദിത്തം ഏറ്റെടുത്ത് ചുമതല നിർവഹിക്കുക
15. പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം കാണുന്നുണ്ട് എന്ന് ഉറപ്പാക്കുക.
16. സംസ്ഥാന മിഷനുകളുമായി നിരന്തരസമ്പർക്കം പുലർത്തുകയും ജില്ലയിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ബന്ധപ്പെട്ട സംസ്ഥാന മിഷന്റെ/ കർമ്മസേനയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക.

ജില്ലാ കളക്ടർക്ക് കർമ്മസേനകളുടെ പ്രവർത്തനം സൂക്ഷ്മമായി നീരിക്ഷിക്കുന്നതിനും വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനും വേണ്ടി ജില്ലാ കളക്ടറുടെ ഓഫീസിനോട് ചേർന്ന് വികസന മിഷനുകളുടെ കോ-ഓർഡിനേഷൻ സെൽ ആരംഭിക്കുന്നത് അഭികാമ്യമായിരിക്കും. സെൽ പ്രവർത്തിപ്പിക്കുന്നതിന് വേണ്ട ഭൗതികസൗകര്യങ്ങൾ ഏർപ്പെടുത്തണം. സെല്ലിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമെങ്കിൽ, ജില്ലക്കുള്ളിൽ നിന്നും ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കണ്ടെത്തി നിയോഗിക്കാവുന്നതാണ്.

## 8. മിഷനുകളും തദ്ദേശഭരണസ്ഥാപനങ്ങളും

8.1. ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് ശക്തി പകരുക എന്ന ലക്ഷ്യത്തോടെയാണ് മിഷനുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. മിഷനുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അധിക പ്രൊഫഷണൽ സഹായം ലഭ്യമാക്കുകയും ഫലാധിഷ്ഠിത പദ്ധതി നിർവ്വഹണത്തിനുവേണ്ട കാര്യപ്രാപ്തി വർദ്ധനവ് സാധ്യമാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

8.2. വികസന ദൗത്യങ്ങൾ ഏറെക്കുറെ പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ഉൾപ്പെട്ട വിഷയങ്ങളാണ്. ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങളാകട്ടെ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും അനിവാര്യ ചുമതലയുമാണ്. ആയതിനാൽ ദൗത്യങ്ങളുടെ ആസൂത്രണവും നിർവ്വഹണവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാവർത്തികമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

8.3. സാങ്കേതിക സഹായം, സാങ്കേതിക വിദ്യാ കൈമാറ്റം, വകുപ്പുകളുടെ വർദ്ധിച്ച തോതിലുള്ള പങ്കാളിത്തം, അധിക വിഭവങ്ങൾ എന്നിവയുടെ കാര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൈമാറിക്കിട്ടിയിട്ടില്ലാത്ത ഉദ്യോഗസ്ഥരുടെ പ്രൊഫഷണൽ വൈദഗ്ധ്യം പ്രാദേശിക ആസൂത്രണപ്രവർത്തനങ്ങൾക്ക് ലഭ്യമാകുമെന്നതാണ് ഇതിന്റെ ഒരു പ്രധാന സവിശേഷത. ജലസേചന വകുപ്പിലെ എഞ്ചിനീയർമാർക്ക് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ചുമതല നൽകികൊണ്ട് സ.ഉ. (എം. എസ്) നമ്പർ 72/2016/ജലവിഭവം; തീയതി 05.12.2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

8.4. മിഷനുകളുമായി ബന്ധപ്പെട്ട മേഖലകളിൽ ഒറ്റ ആസൂത്രണ പ്രക്രിയയിലൂടെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനം ഏറ്റെടുത്ത പദ്ധതികൾ വകുപ്പുകൾ അംഗീകരിച്ച കേന്ദ്ര-സംസ്ഥാനതല പദ്ധതികൾ, പൊതുസമൂഹം ജനകീയമായി ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപന പ്രദേശത്തിന് വേണ്ടി ഒരു സംയോജിത പ്ളാൻ തയ്യാറാക്കുകയും സാങ്കേതിക സഹായവും ഗുണമേന്മയും ഉറപ്പാക്കി പ്ളാനിലെ ഘടകങ്ങൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനവും വകുപ്പുകളും നടപ്പാക്കുകയും ചെയ്യുക എന്ന രീതിശാസ്ത്രം അവലംബിക്കുന്നതാണ്. ഇതിന് വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്നതാണ്.

# 9. ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള നിരീക്ഷണം

9.1 മിഷൻ സമീപനത്തിന് അനുയോജ്യമായ രീതിയിൽ നവകേരളം കർമ്മപദ്ധതിയിൽ ഭൗതികയും സാമ്പത്തികവുമായ ലക്ഷ്യപ്രാപ്തിയോടൊപ്പം ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള നിരീക്ഷണവും പിന്തുണാ സൗകര്യങ്ങളും ഉണ്ടായിരിക്കും. ഓരോ മിഷനുകളുടെയും ബന്ധപ്പെട്ട ടാസ്ക് ഫോഴ്സുകളുടെയും പ്രവർത്തനവും കാര്യക്ഷമതയും ഫലപ്രാപ്തിയും ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലായിരിക്കും. ഇതിനു പുറമെ ഉദ്ദേശിക്കുന്ന ഗുണഫലങ്ങളും പൂർത്തിയാക്കേണ്ട നാഴികക്കല്ലുകളും സമയബന്ധിതമായി ജനോപകാരപ്രദമായ രീതിയിൽ നേടിയെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണവുമുണ്ടാകും. നവകേരളം കർമ്മ പദ്ധതിയുടെ മൊത്തത്തിലുള്ള ഘടന, രൂപകല്പന, നിരീക്ഷണം എന്നിവ സംബന്ധിച്ച് സർക്കാരിന്റെ വികസന ഉപദേഷ്ടാവും എക്സ്-ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയുമായി ശ്രീ.സി.എസ്. രഞ്ജിത്തിനെ, G.O.(Ms) No.46/2016/Plg dated Thiruvananthapuram, 17.10.2016 പ്രകാരം നിയമിച്ചിട്ടുണ്ട്.

## 9.2. നിരീക്ഷണ പിൻതുണാ പ്രവർത്തനങ്ങൾ

ഓരോ മിഷനുകളും സ്വയം പ്രാവർത്തികമാക്കുന്ന പുരോഗതി വിലയിരുത്തലുകൾക്കും തയ്യാറാക്കുന്ന പ്രവർത്തന റിപ്പോർട്ടുകൾക്കും പുറമെ മിഷനുകളുടെ പ്രവർത്തനങ്ങൾ ദീർഘ വീക്ഷണത്തോടും സുസ്ഥിര ഫലങ്ങൾ യാഥാർത്ഥ്യമാക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്യുന്നതിനും സുഗമമായ നിർവഹണപ്രക്രിയകൾ ചിട്ടപ്പെടുത്തുന്നതിനും സാധ്യമാക്കുന്ന രീതിയിലുള്ള നിരീക്ഷണ പിന്തുണാ പ്രവർത്തനങ്ങളാണ് നവകേരളം കർമ്മ പദ്ധതിയുടെ മോണിറ്ററിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആ മോണിറ്ററിംഗ് സംവിധാനത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1. വിവിധ മിഷനുകളിലൂടെ ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ, ലക്ഷ്യങ്ങൾ, സമയക്രമം, ഉത്തരവാദിത്തം എന്നിവയൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര നിരീക്ഷണ ചട്ടക്കൂട് മുൻകൂട്ടി തയ്യാറാക്കി പ്രഖ്യാപിക്കുക.
2. വിവിധ മിഷനുകളുടെ രൂപകൽപ്പനയും നടത്തിപ്പ് പ്രക്രിയകളും ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ നൽകുന്നവയാണോയെന്ന് അപഗ്രഥനം നടത്തുകയും അവ ഉറപ്പാക്കാൻ വേണ്ട നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.
3. മിഷനുകളുടെ വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുന്നതിനും മുൻകൂട്ടി നിശ്ചയിച്ച ഗുണഫലങ്ങളും ലക്ഷ്യങ്ങളും സമയക്രമം അനുസരിച്ച് തന്നെ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുക.
4. സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെ ജനപങ്കാളിത്തത്തോടെയുള്ള സാമൂഹിക നിരീക്ഷണം, വിവര ശേഖരണത്തിനായി ക്രൗഡ് സോഴ്സിംഗ് സംവിധാനങ്ങൾ എന്നിവ പ്രാവർത്തികമാക്കുക.

5. വിവിധ വികസന ആസ്തികളുടെ നിർവഹണത്തിലും തുടർ നടത്തിപ്പിലും ജി.ഐ.എസ്. അധിഷ്ഠിത സംവിധാനങ്ങൾ ഉൾപ്പെടെയുള്ള നിരീക്ഷണ സംവിധാനം പ്രാവർത്തികമാക്കുക.
6. മിഷനുകളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതോടൊപ്പം ബഹുജനങ്ങൾക്ക് വിവര ലഭ്യത ഉറപ്പുവരുത്തുന്നതിന് വിവര ക്രോഡീകരണ-പ്രചാരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
7. മിഷനുകളുടെ പ്രവർത്തനങ്ങളിൽ ഉരുത്തിരിഞ്ഞു വരുന്ന പ്രശ്നങ്ങളും പാഠങ്ങളും പരിഹാര മാർഗ്ഗങ്ങളും ബഹുജനപങ്കാളിത്തത്തോടെ ചർച്ച ചെയ്യുന്നതിനും ഉൾക്കൊള്ളുന്നതിനുമുള്ള അവസരം ഉണ്ടാക്കുക.
8. പ്രാദേശിക തലത്തിൽ പങ്കാളിത്ത നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
9. മിഷൻ പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്വതന്ത്ര ഗുണമേന്മാ നിരീക്ഷണ ഏജൻസികളെ ചുമതലപ്പെടുത്തുക.
10. സമഗ്ര പരാതി പരിഹാര സംവിധാനം ആവിഷ്കരിക്കുക.

## 9.3. മിഷൻ മോണിറ്ററിംഗ് ടീം

മിഷനുകളുടെയും ടാസ്ക്ഫോഴ്സുകളുടെയും സാങ്കേതിക മേഖലകളിൽ മോണിറ്ററിംഗ് അനുഭവ ജ്ഞാനമുള്ളവർ മിഷൻ മോണിറ്ററിംഗ് ടീമിൽ ഉണ്ടായിരിക്കും. മിഷനുകളുടെ സ്വയം നീരീക്ഷണം ഉൾപ്പെടെയുള്ള നിരീക്ഷണ സംവിധാനങ്ങൾക്ക് മിഷനുകൾക്ക് പിന്തുണ നൽകുക, മിഷനുകളുമായി ഏകോപിച്ച് പ്രവർത്തിക്കുക, അവലോകനങ്ങളും പഠനങ്ങളും നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, മിഷനുകളിലൂടെ ആർജ്ജിക്കുന്ന ഗുണഫലങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കുക എന്നിവയൊക്കെയാണ് മിഷൻ മോണിറ്ററിംഗ് ടീമിന്റെ പ്രവർത്തനങ്ങൾ.

# 10. ഏകോപന സംവിധാനം

## 10.1. എംപവേർഡ് കമ്മിറ്റി

സംസ്ഥാന തലത്തിൽ, നാല് മിഷനുകളുടെയും അവയുടെ കർമ്മ സേനകളുടെയും ഏകോപനത്തിന് ഒരു എംപവേർഡ് കമ്മിറ്റി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ പ്രവർത്തിക്കുന്നതാണ്.

ചെയർപേഴ്സൺ : ചീഫ് സെക്രട്ടറി

അംഗങ്ങൾ :

1. ഉപാദ്ധ്യക്ഷ, ഹരിത കേരളം മിഷൻ
2. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമം
4. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ
5. അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവം
6. അഡീഷണൽ ചീഫ് സെക്രട്ടറി, വനം
7. മുഖ്യമന്ത്രിയുടെ സെക്രട്ടറി
8. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണം
9. പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി
10. പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസം
11. സെക്രട്ടറി, വിവര സാങ്കേതികം
12. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം
14. പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും
15. പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ്
16. സർക്കാരിന്റെ ഡെവലപ്പ്മെന്റ് അഡ്വൈസർ

സെക്രട്ടറി : അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

## 10.2. എംപവേർഡ് കമ്മിറ്റിയുടെ അധികാരവും ഉത്തരവാദിത്വവും

1. മിഷൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ആവശ്യമായ അനുമതികളും പിന്തുണയും കാലാതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനമായി എംപവേർഡ് കമ്മിറ്റി പ്രവർത്തിക്കണം.
2. മിഷൻ ഗ്രൂപ്പ് എടുക്കുന്ന തീരുമാനങ്ങൾ പൂർണ്ണ അർത്ഥത്തിലും ഉദ്ദേശിച്ച ഭാവത്തിലും താഴെ തട്ടുകളിൽ നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

3. മിഷനുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അന്തിമ രൂപം നൽകുക.
4. സംസ്ഥാനതല കർമ്മ സേനകൾ തയ്യാറാക്കുന്ന ദൗത്യരേഖകൾ പരിശോധിച്ച് ശുപാർശ ചെയ്യുക
5. വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനവും പ്രാദേശിക പദ്ധതികളുമായി സംയോജനവും ഉറപ്പാക്കുന്നതിന് ഫലപ്രദമായ സംവിധാനം ആവിഷ്കരിക്കുക.
6. സംസ്ഥാന, ജില്ലാ തലങ്ങളിലെ കർമ്മസേനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
7. സാങ്കേതിക ഉപദേശകർ, കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരുടെ സേവനം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ അവരെ നിയോഗിക്കുന്നതിന് അനുമതി നൽകുക, അവരുടെ പ്രതിഫലം നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
8. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് മികച്ച ആസൂത്രണ - നിർവഹണ സഹായം ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുക, ആസൂത്രണ - നിർവഹണ ഘട്ടങ്ങളിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.
9. നയവ്യതിയാനങ്ങൾ (policy changes) ആവശ്യമാണെന്ന് കാണുകയാണെങ്കിൽ ഉചിതമായ ശുപാർശ സമർപ്പിക്കുക.
10. പ്രവർത്തന റിപ്പോർട്ടുകളും ലഭ്യമാകുന്ന വിവരങ്ങളും വിലയിരുത്തി ആവശ്യമായ മെച്ചപ്പെടുത്തൽ നടപടികൾ നിർദ്ദേശിക്കുക.
11. ആവശ്യമായ മേഖലകളിൽ തത്സമയ വിലയിരുത്തൽ (concurrent evalution) പ്രാവർത്തികമാക്കുക
12. സംസ്ഥാന ബജറ്റിൽ വകയിരുത്തുന്നതിൽ കൂടുതൽ തുക ആവശ്യമായി വരികയാണെങ്കിൽ അഡീഷണൽ ആതറൈസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ധനവകുപ്പിന് ശുപാർശ നൽകുക

10.3. ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്

ഈ വകുപ്പ് ഹരിതകേരളം മിഷന്റെ നോഡൽ വകുപ്പായും എംപവേർഡ് കമ്മിറ്റിയുടെ സെക്രട്ടറിയേറ്റ് ആയും പ്രവർത്തിക്കേണ്ടതാണ്. മിഷൻ ഗ്രൂപ്പിന്റെയും എംപവേർഡ് കമ്മറ്റിയുടെയും തീരുമാനങ്ങളും നിർദ്ദേശങ്ങളും സമയബന്ധിതമായി മുൻഗണനാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കുന്നു ണ്ടെന്ന് സി.പി.എം.യു ഉറപ്പ് വരുത്തണം.

## 10.4. ജില്ലാതല ഏകോപനസംവിധാനം

10.4.1. മിഷൻ പ്രവർത്തനങ്ങളുടെ ജില്ലാ തലത്തിലെ ഏകോപന ചുമതല ജില്ലാ ആസൂത്രണ സമിതിക്കായിരിക്കും.

10.4.2. ജില്ലാആസൂത്രണ സമിതി ആവശ്യമായ ഘട്ടങ്ങളിലൊക്കെ യോഗം ചേർന്ന് മിഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതും വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏജൻസികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും ഏകോപനം ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

10.4.3. വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഫലപ്രദമായ ഏകോപനവും കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ സംയോജനവും ഉറപ്പാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ യോഗം ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ആവശ്യമായ ഘട്ടങ്ങളിൽ വിളിച്ചു ചേർത്ത് വിഷയങ്ങളിൽ തീരുമാനമെടുത്ത് പ്രാവർത്തികമാക്കുന്ന സമീപനമായിരിക്കണം ജില്ലാ ആസൂത്രണ സമിതി സ്വീകരിക്കേണ്ടത്.

10.4.4. ജില്ലാതലത്തിൽ ദൗത്യ രേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് ജില്ലാ ആസൂത്രണ സമിതി നേതൃത്വം നൽകേണ്ടതാണ്.

10.4.5. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലെ ഏകോപനം:- മിഷൻ പ്രവർത്തനങ്ങളുടെ ഏകോപനവും സംയോജനവും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്.

## 10.5. ബ്ളോക്കുതല ഏകോപനസംവിധാനം

ബ്ലോക്കുതലത്തിൽ ഏകോപന സംവിധാന/സംയോജന സാധ്യതകൾ ഉറപ്പാക്കുന്നതിനും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുമായി ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ഒരു റിസോഴ്സ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടതാണ്.

1. ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3. അസിസ്റ്റന്റ് ഡയറക്ടർ, കൃഷി
4. അസിസ്റ്റന്റ് ഡയറക്ടർ (മൃഗസംരക്ഷണം)/സീനിയർ വെറ്ററിനറി സർജൻ
5. ഡയറി എക്സ്റ്റൻഷൻ ഓഫീസർ
6. ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ
7. സി.ഡി.പി.ഒ
8. സൂപ്രണ്ട്, താലൂക്ക് ആശുപത്രി/സാമൂഹിക ആരോഗ്യ കേന്ദ്രം/ ബ്ളോക്ക്തല പ്രാഥമികാരോഗ്യ കേന്ദ്രം
9. പട്ടികജാതി വികസന ഓഫീസർ
10. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
11. ജോയിന്റ് ബിഡിഒ
12. ഹൗസിംഗ് ഓഫീസർ
13. ജലസേചന വകുപ്പിൽ നിന്നും ചുമതലപ്പെടുത്തിയ എഞ്ചിനീയർ
14. സോയിൽ സർവേ - സോയിൽ കൺസർവേഷൻ വകുപ്പ് ഉദ്യോഗസ്ഥൻ
15. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
16. ബ്ലോക്ക് പരിധിയിലെ സീനിയർ ഗവൺമെന്റ് ഹയർ സെക്കൻഡറി പ്രിൻസിപ്പൽ
17. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ (കൺവീനർ)

# 11. ലഭ്യമാകുന്ന വിഭവം

## 11.1. മിഷൻ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന സ്രോതസുകളിൽനിന്നു വിഭവം ലഭ്യമാകുന്നതാണ്.

1. കേന്ദ്ര സംസ്ഥാന പദ്ധതികളുടെ വിഹിതം - ആർ ഐ.ഡി.എഫ് ഉൾപ്പെടെ (2017-18 മുതൽ 2021-22 വരെ)
2. തൊഴിലുറപ്പ് പദ്ധതി വിഹിതം
   - വാട്ടർഷെഡ് മാനേജ്മെന്റ്, കൃഷി, ശുചിത്വം എന്നിവയ്ക്ക്
3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ
   - പാർപ്പിട സൗകര്യങ്ങൾക്ക്
4. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (KIIFB)
   - സ്കൂളുകൾ, ആശുപത്രികൾ, അഗ്രോ പാർക്കുകൾ മുതലായവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ പുതിയതായി ഏർപ്പെടുത്തുന്നതിനും മെച്ചപെടുത്തുന്നതിനും
5. ജനകീയാസൂത്രണ പദ്ധതിക്ക് ലഭ്യമാകുന്ന ഫണ്ടിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന തുക.
6. സാമൂഹ്യ പ്രതിബദ്ധതാഫണ്ട് (Corporate Social Responsibility Fund)
7. സംഭാവനകൾ / സ്പോൺസർഷിപ്പുകൾ
8. ശ്രമദാനം-പ്രത്യേകിച്ച് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾക്ക്
9. പൊതുസമൂഹം ഏറ്റെടുത്തു നടപ്പാക്കുന്ന പദ്ധതികൾക്കായി ജനകീയമായി സ്വരൂപിക്കുന്ന വിഭവങ്ങൾ

വകുപ്പുകളുടെ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന സംസ്ഥാന-കേന്ദ്ര പദ്ധതികളുടെ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടെ ഭരണാനുമതി, ബന്ധപ്പെട്ട പദ്ധതികൾക്ക് ബാധകമായ നടപടിക്രമങ്ങൾ പാലിച്ച് അനുയോജ്യമായ തലത്തിൽ (വർക്കിംഗ് ഗ്രൂപ്പ്, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്) നിന്നും അംഗീകാരത്തോടെ ഭരണ വകുപ്പിൽ നിന്നും അനുമതി വാങ്ങി നടപ്പാക്കേണ്ടതാണ്. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ ഭരണാനുമതിക്ക് ആ ഫണ്ടിന്റെ വിനിയോഗത്തിന് നിശ്ചയിച്ചിട്ടുള്ള നടപടി ക്രമങ്ങൾ ബാധകമായിരിക്കും

# 12. ആസൂത്രണവും നിർവഹണവും

12.1. തദ്ദേശ ഭരണ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയുടെ ഭാഗമായി വേണം മിഷൻ പ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തേണ്ടത്. ജന പങ്കാളിത്തത്തോടെ പ്രാദേശികമായി ശേഖരിക്കുന്ന സ്ഥിതി വിവര കണക്കുകൾ ഉപയോഗിച്ച് ഒരു അടിസ്ഥാന രേഖ (baseline document) തയ്യാറാക്കുക എന്നതാണ് ഇതിന്റെ മുന്നൊരുക്ക പ്രവർത്തനം. വിവര ശേഖരണത്തിനുള്ള (ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ, നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾ എന്നിവയുടെ സർവ്വേ; ശുചിത്വം, ജല സ്രോതസ്സുകൾ എന്നിവയെ സംബന്ധിക്കുന്ന സ്ഥിതി വിവര കണക്കുകൾ മുതലായവ) ഫോർമാറ്റുകൾ സംസ്ഥാന മിഷൻ ഗ്രൂപ്പുകൾ തയ്യാറാക്കി ലഭ്യമാക്കുന്നതാണ്.

12.2. ഇപ്രകാരം തയ്യാറാക്കുന്ന ബേസ്‌ലൈൻ ഡോക്യുമെന്റിനെ അടിസ്ഥാനമാക്കി പദ്ധതി ആസൂത്രണത്തിന് നിശ്ചയിച്ചിട്ടുള്ള വേദികളിൽ വിശദമായി ചർച്ച ചെയ്തും പ്രാദേശിക തല കൂടിയാലോചനകൾ നടത്തിയും വിദഗ്ദ്ധ സഹായം ഉപയോഗപ്പെടുത്തിയും തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ഓരോ ദൗത്യത്തിനും വകുപ്പുകളുടെ വികസന പദ്ധതികൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള വിശദമായ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിൽ പദ്ധതി തയ്യാറാക്കുമ്പോൾ ഓരോ ദൗത്യത്തിനും അവലംബിക്കേണ്ട രീതിശാസ്ത്രം ചുവടെ നൽകിയിട്ടുണ്ട്.

**12.2.1. ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം :-** ഓരോ സ്ഥാപനത്തിനും പ്രത്യേകം സ്ഥാപനതല പദ്ധതി തയ്യാറാക്കുകയും അവയുടെ വിവരങ്ങൾ തദ്ദേശ ഭരണതല പദ്ധതിയിൽ പ്രതിഫലിക്കുകയും വേണം.

**12.2.2. സമ്പൂർണ പാർപ്പിടം (ലൈഫ്):-** സാമൂഹികമായി ഏറ്റവും പിന്നിൽ നിൽക്കുന്ന കൂടുതൽ ക്ലേശങ്ങൾ അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ആദ്യം സഹായം എത്തിക്കുക എന്ന സമീപനം അവലംബിച്ചു വേണം ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടത്. സ്വന്തമായി സ്ഥലം ഉള്ളവർക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിഹിതം ഉപയോഗപ്പെടുത്തി സമയ ബന്ധിതമായി വീട് ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കണം. അതുപോലെ ഭാഗികമായി വീട് നിർമ്മാണം പൂർത്തിയാക്കിയവരുടെ വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കണം. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് അവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും സമഗ്ര ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ട പദ്ധതിയാണ് തയ്യാറാക്കേണ്ടത്.

**12.2.3. ഹരിതകേരളം :-**

**(a) ശുചിത്വ - മാലിന്യ സംസ്കരണം :-** ഏറ്റവും താഴെതലത്തിൽ / ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ കഴിയുന്ന ജൈവ മാലിന്യങ്ങൾ അവിടെ തന്നെ സംസ്കരിക്കുകയും അതിനു കഴിയാത്തവ മാത്രം അനുയോജ്യമായ മറ്റു തലങ്ങളിൽ സംസ്കരിക്കുകയും ചെയ്യുക (വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണം) എന്ന രീതി പ്രാവർത്തികമാക്കുന്ന തരത്തിൽ വേണം പദ്ധതി തയ്യാറാക്കേണ്ടത്. അതായത് ഗാർഹിക/സ്ഥാപനതലങ്ങളിൽ സംസ്കരിക്കാൻ കഴിയുന്ന മാലിന്യം അവിടെത്തന്നെ സംസ്കരിക്കുകയും അതിനു കഴിയാത്തവ മാത്രം അയൽക്കൂട്ടം, കമ്മ്യൂണിറ്റി, വാർഡ്, തദ്ദേശ ഭരണ സ്ഥാപനം തുടങ്ങിയ അനുയോജ്യമായ തലത്തിൽ സംസ്കരിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കേണ്ടതാണ്. അജൈവ മാലിന്യം പുനഃചംക്രമണ വിധേയമാക്കുന്നതിലേക്ക് തരംതിരിച്ച് വൃത്തിയാക്കി കൈമാറുകയും ആയത് മെറ്റീരിയൽ റിക്കവറി ഫസിലിറ്റി

കേന്ദ്രത്തിൽ കൃത്യമായി എത്തിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ പദ്ധതി തയ്യാറാക്കണം.

(b) **മണ്ണ്- ജല സംരക്ഷണം:-** നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിച്ച് ശുദ്ധീകരിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും മണ്ണ്- ജല സംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പാക്കി ജല ലഭ്യതയും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന സംയോജിത നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കേണ്ടതാണ്.

(c) **കൃഷി വികസനം:-** മാലിന്യ സംസ്കരണത്തിൽ നിന്നും ലഭിക്കുന്ന കമ്പോസ്റ്റിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് വേണ്ട സമഗ്ര പദ്ധതി തയ്യാറാക്കണം. കൃഷിക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങൾക്ക് വേണ്ടി പ്രത്യേക പദ്ധതിയും (Area Based Plan) അല്ലാത്തയിടങ്ങളിൽ കർഷകരെ ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതിയും (Farmer Based Plan) തയ്യാറാക്കി അവയെ തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ക്രോഡീകരിക്കണം.

12.3. ഇത്തരത്തിൽ ഗ്രാമ /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ബ്ളോക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ ക്രോഡീകരിച്ച് ദൗത്യരേഖ (Mission Document) തയ്യാറാക്കേണ്ടതാണ്.


12.4. ഖണ്ഡിക 12.2 ൽ വിവരിച്ചിട്ടുള്ളതു പ്രകാരം തയ്യാറാക്കുന്ന പദ്ധതിയെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ പ്രോജക്ടുകളായി രൂപപ്പെടുത്തി അവയുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടേയും വാർഷിക പദ്ധതികളുടേയും ഭാഗമാക്കി നടപ്പാക്കണം. വകുപ്പുകൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപ്പാക്കുന്നതാണ്.

12.5. ജില്ലാതലത്തിൽ വിവിധ പരിപാടികളുടെയും വകുപ്പുകളുടെയും ഏജൻസികളുടെയും ഉദ്ദ്യോഗസ്ഥരുടെയും ഏകോപനവും സമന്വയവും ആസൂത്രണത്തിൽ ഉറപ്പാക്കേണ്ട പ്രധാന ഉത്തരവാദിത്വം ജില്ലാ ആസൂത്രണ സമിതിക്കായിരിക്കും.

12.6. പദ്ധതി തയ്യാറാക്കുന്നതിനുള്ള മേഖലാ തല മാർഗ്ഗ നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

12.7. കൃഷി വികസനം, വാട്ടർഷെഡ് മാനേജ്മെന്റ് തുടങ്ങിയവയുടെ കാര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വകുപ്പുകൾ മുഖേന ലഭ്യമാക്കുന്ന ഫണ്ടുകൾ പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിലൂടെ ചെലവഴിക്കാൻ കഴിയുകയില്ലെങ്കിലും സമന്വയ സാധ്യതകൾ പ്രയോജനപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് കഴിയുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. സംയോജനം സാധ്യമാക്കുക എന്നത് വലിയൊരു വെല്ലുവിളിയാണെങ്കിലും അത് യഥാർത്ഥ്യമായാൽ കൂടുതൽ വികസന നേട്ടം കൈവരിക്കുന്നതിനും അതിലൂടെ ജനങ്ങൾക്ക് കൂടുതൽ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കും എന്നതിനാൽ ഇതൊരു അവസരമായി തദ്ദേശഭരണ സ്ഥാപനങ്ങൾ കാണേണ്ടതാണ്.

12.8. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (കിഫ്ബി) ഉപയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ പ്രസ്തുത നിയമത്തിൽ വിവക്ഷിക്കുന്നതുപോലെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ രൂപീകരിച്ച് അവ മുഖേനയായിരിക്കും നിർവഹണം നടത്തുക.



ലൈഫ്

ആർദ്രം

പൊതുവിദ്യാഭ്യാസ
സംരക്ഷണ യജ്ഞം

ഹരിതകേരളം മിഷൻ

Printed & Published by Dr. K. Ampady IIS, Director, Information & Public Relations Department on behalf of Government of Kerala
Design & Layout: Godfrey's Graphics | Printed at Akshara Offset, Thiruvananthapuram.